Deivarajyam February 2020
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/2/2020
●Posted at Thodupuzha Stg.
Annual Subscription ₹ 100.00



St. John Britto



St. Polycarp



Bl. Rani Maria



OUR LADY OF LOURDES

*Pray for us*

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം



ഫെബ്രുവരി 2020 വാല്യം 59 ലക്കം 2

## THE SEASON OF LENT

REPENTANCE, ALMSGIVING, AND SELF-DENIAL










*World Day of the Sick*





കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ ഇടയൻ

**അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്**

കോതമംഗലം രൂപതാ കുടുംബത്തിന്റെ

അഭിനന്ദനങ്ങളും... പ്രാർത്ഥനാശംസകളും...

*Congratulations*



പാലക്കാട് രൂപതയുടെ നിയുക്ത സഹായ മെത്രാൻ

**റവ. മോൺ. പീറ്റർ കൊച്ചുപുരയ്ക്കലച്ചന്**

കോതമംഗലം രൂപതാ കുടുംബത്തിന്റെ

അഭിനന്ദനങ്ങളും...പ്രാർത്ഥനാശംസകളും...

# CONGRATULATIONS & *Best Wishes*



NEWLY ORDAINED PRIESTS OF THE EPARCHY WITH THE BISHOP

## ദൈവസന്നിധിയിൽ
## ൩൪ വർഷങ്ങൾ



**മാർ മാത്യു പോത്തനാമുഴി**
**ഫെബ്രുവരി 6**

പാവനസ്മരണയ്ക്ക്
കോതമംഗലം രൂപത

# ആദരാഞ്ജലികൾ



## റവ. ഫാ. പോൾ കോടമുള്ളിൽ

| | | |
|---|---|---|
| ഇടവക | : | പെരിങ്ങുഴ |
| ജനനം | : | 29.06.1928 |
| തിരുപ്പട്ടം | : | 12.03.1958 |
| മരണം | : | 06.01.2020 |
| മൃതസംസ്കാരം | : | 10.01.2020 |

**സേവനരംഗങ്ങൾ :**

**അസി. വികാരി** – കത്തീഡ്രൽ

**വികാരി** – കാരക്കുന്നം, തോക്കുപാറ – വട്ടയാർ, ആയവന, നെടിയകാട്, നെടിയശാല, മൂവാറ്റുപുഴ, ആരക്കുഴ, കല്ലൂർക്കാട്, കത്തീഡ്രൽ, പൈങ്ങോട്ടൂർ, നെയ്യശ്ശേരി, നാകപ്പുഴ, മീങ്കുന്നം.

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഫെബ്രുവരി 2020 വാല്യം 59 ലക്കം 2



## ഉള്ളടക്കം


7 നോമ്പുകാല സന്ദേശം
10 മാർപാപ്പായുടെ സന്ദേശം– ലോക രോഗീദിനം
15 ഫെബ്രുവരി 9 തിരുബാലസഖ്യദിനം
20 രൂപതക്കച്ചേരി
34 മൈനർ സെമിനാരി
36 വിജ്ഞാനഭവൻ
37 ബൈബിൾ അപ്പോസ്റ്റലേറ്റ്
38 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
38 സോഷ്യൽ സർവീസ്
39 തിരുബാലസഖ്യം
40 ചെറുപുഷ്പ മിഷൻലീഗ്
41 കെ.സി.എസ്.എൽ.
42 ഫാമിലി അപ്പോസ്റ്റലേറ്റ്
45 നിർമ്മല പ്രോലൈഫ്
45 മാതൃവേദി
47 ഡി.എഫ്.സി.
48 യുവദീപ്തി
49 ജീസസ് യൂത്ത്
50 കത്തോലിക്കാകോൺഗ്രസ്
52 അല്മായ ഫ്രാൻസിസ്കൻ സഭ
52 പ്രാർത്ഥനാഗ്രൂപ്പ്
54 കേരള ലേബർ മൂവ്മെന്റ്
54 NESTT Programme
55 രൂപതാദ്ധ്യക്ഷന്റെ ഡയറി
57 Bishop’s Engagements
58 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
58 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop’s House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com




## പള്ളിയിൽ അറിയിക്കുവാൻ


Page 20 അഖിലലോക രോഗീദിനം
Page 20 സകലമരിച്ചവരുടെയും ഓർമ്മത്തിരുനാൾ
Page 20 വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും
Page 21 മലേക്കുരിശ് തീർത്ഥാടനം
Page 22 NOTIFICATION


## തിരുനാളുകൾ

02

നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം

04

വി. ജോൺ ബ്രിട്ടോ

11

ലൂർദ്ദ് മാതാവ്

21

സകല മരിച്ചവരുടെയും ഓർമ്മ

22


വി. പൊളിക്കാർപ്പ്

24

വിഭൂതി തിരുനാൾ

25

വാ. സി. റാണി മരിയ

# നോമ്പുകാല സന്ദേശം

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

സ്വർഗരാജ്യത്തെ ലക്ഷ്യമാക്കി തീർത്ഥയാത്ര ചെയ്യുന്ന പാപികളും ബലഹീനരുമായ മനുഷ്യരാണ് നാം. സ്വന്തം ജീവിതത്തെപ്പറ്റിയും ചുറ്റുപാടുകളെപ്പറ്റിയും ചിന്തിക്കാനും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനുമായി സഭ നിർദ്ദേശിക്കുന്ന അൻപത് നോമ്പാചരണത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ജീവിതത്തെ ആഴമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഏറ്റവും ഉചിതമായ അവസരമാണിത്. ഈശോയുടെ പീഡാനുഭവവും കുരിശുമരണവും അനുസ്മരിച്ച് ഉയിർപ്പ് തിരുനാളിലേക്ക് നമ്മെ നയിക്കുന്ന ഈ പുണ്യകാലം ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുവാൻ ലഭിക്കുന്ന അവസരമായി നമുക്ക് കാണാം.

ഈശോയുടെ പീഡാസഹനങ്ങളിൽ പങ്കുചേരാനുള്ള ദൈവികമായ ഒരു സാധ്യതയാണ് വലിയ നോമ്പുകാലം നമുക്ക് നൽകുന്നത്. നോമ്പുകാലത്തെ പ്രാർത്ഥനകളും ഗീതങ്ങളും തിരുവചനവായനകളും ഈശോയുടെ രക്ഷാകരമായ സഹനത്തിന്റെ ഓർമ്മ നമ്മുടെ മനസ്സിൽ ഉണർത്തുന്നതാണ്. പല തരത്തിലുള്ള സഹനങ്ങളും പ്രതിബന്ധങ്ങളും അനുദിനമെന്നോണം നേരിടുകയും അതിജീവിക്കുകയും ചെയ്യുന്ന നമ്മെ സംബന്ധിച്ച് സഹനങ്ങൾ രക്ഷാകരമാകണമെങ്കിൽ അവ ഈശോയോടൊപ്പം സഹിക്കുന്ന ഒരു ആത്മീയമനോഭാവം രൂപീകരിച്ചെടുക്കണം. മനുഷ്യനെ സംബന്ധിച്ച് ജീവിതത്തെ ആത്മീയമായി ക്രമീകരിക്കുകയെന്നത് ശ്രമകരമാണ്. ഈ ദൗത്യം വിജയകരമായി പരിശീലിക്കാനുള്ള അവസരമായി നോമ്പുകാലം നമുക്ക് പ്രയോജനപ്പെടുത്താം. സഭ നമ്മുടെ മുമ്പിൽ വയ്ക്കുന്ന നോമ്പുകാല ആത്മീയ ക്രമീകരണങ്ങളെ വിശ്വാസത്തോടും വിശ്വസ്തതയോടുംകൂടെ അനുസരിക്കാൻ നമുക്ക് കടമയുണ്ട്.

സാധാരണ ഗതിയിൽ നോമ്പ്, ഉപവാസം എന്നീ വാക്കുകൾ ഭക്ഷണക്രമീകരണങ്ങളോട് ചേർത്ത് ചിന്തിക്കാനാണ് നമുക്കിഷ്ടം.





സഭ ഔദ്യോഗികമായി നിർദ്ദേശിച്ചിരിക്കുന്ന ഭക്ഷണക്രമീകരണങ്ങൾ പാലിക്കുന്നതിനോടൊപ്പം ജീവിതത്തിന്റെ സമസ്ത മേഖലകളെയും വിശുദ്ധീകരിക്കാനും പവിത്രീകരിക്കാനുമുള്ള ആത്മവിശ്വാസം ആർജ്ജിച്ചെടുക്കുവാനും ഈ കാലഘട്ടം നമ്മെ പ്രചോദിപ്പിക്കണം.

വ്യക്തിപരമായ ജീവിതത്തിൽ തിന്മകളിൽ നിന്നകന്ന് നന്മയിൽ വളരുവാനുള്ള അവസരമാണ് ഈ നോമ്പുകാലം. ചില ദുഃശീലങ്ങളെ ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുമ്പോൾ അതിനുള്ള ശക്തി നോമ്പുകാലത്ത് നമുക്ക് ലഭിക്കുന്നു. നല്ല ശീലങ്ങൾ ആർജ്ജിച്ചെടുത്ത് നല്ല വ്യക്തിത്വം രൂപീകരിക്കാൻ ഈ കാലഘട്ടം പ്രയോജനപ്പെടുത്തണം. ഇത് സാധ്യമാകുന്നത് പ്രാർത്ഥനയിലൂടെയും, ഉപവാസത്തിലൂടെയും, ദാനധർമ്മങ്ങളിലൂടെയുമാണ്.

ഈശോ പിതാവായ ദൈവത്തിന്റെ സ്നേഹം എല്ലാവരോടും പങ്കുവച്ചതുപോലെ ഈ നോമ്പുകാലം പാവപ്പെട്ടവരോടും, ബലഹീനരോടും, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിറുത്തപ്പെട്ടവരോടുമുള്ള സ്നേഹവും, കാരുണ്യവും കൈമാറുന്ന കാലമായി മാറണം. പങ്കുചേരൽ എന്നത് കേവലം വാക്കുകളിലോ, പ്രസ്താവനകളിലോ ഒതുക്കാനുള്ളതല്ല. മറിച്ച് പ്രവൃത്തികളിലും, നിലപാടുകളിലും ഇത് പ്രതിഫലിപ്പിക്കേണ്ടതുണ്ട്. വി. യാക്കോബ് ശ്ലീഹായുടെ ലേഖനം 2:17-ൽ നാം വായിക്കുന്നു: "പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്." ഇതിനോട് ചേർന്നുള്ള ചിന്തയാണ് വി. ആഗസ്തീനോസ് നൽകുന്നത് : "ദാനധർമ്മം കൂടാതെയുള്ള ഉപവാസം ലുബ്ധമാണ്."

സഭയുടെ അർത്ഥവത്തായ പാരമ്പര്യങ്ങളെ മനസ്സിൽ ഓർത്തും, ആധുനികകാലത്തിന്റെ പ്രലോഭനങ്ങളെ വിവേകത്തോടെ വിവേചിച്ചും നോമ്പുകാലം വിശ്വാസജീവിതത്തിലെ അവിസ്മരണീയമായ ആത്മീയ ആഘോഷമാക്കി മാറ്റണം.

ഈ നോമ്പുകാലത്ത് നമ്മുടെ കുടുംബങ്ങളിൽ പ്രായോഗികമാക്കാൻ സാധിക്കുന്ന ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്:

1 കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്ന പതിവ് എല്ലാ ദിവസവും കൃത്യസമയം നിശ്ചയിച്ച് ചെയ്യുക.

2 കുടുംബത്തിലെ ഒരാളെങ്കിലും എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.

3. വി. ഗ്രന്ഥത്തിലെ ഒരദ്ധ്യായം എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം കുടുംബങ്ങളിൽ പൊതുവായി വായിക്കുക.

4 നോമ്പുകാലത്ത് കുമ്പസാരിച്ച് പ്രസാദവരാവസ്ഥയിലായിരിക്കുക.

5 രോഗികളായ അയൽവാസികളെയും ബന്ധുക്കളെയും സന്ദർശിക്കുക.

6 മാധ്യമങ്ങൾ ഒരു അടിമത്തമായി കുട്ടികളുടെയും മുതിർന്നവരുടെയും സമയവും കഴിവുകളും അപഹരിക്കുന്നുവെങ്കിൽ കൃത്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

7 നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുക; വായിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക.

8 എല്ലാ ദിവസവും 15 മിനിറ്റ് നേരമെങ്കിലും ദൈവസന്നിധിയിൽ ശാന്തമായി ചെലവഴിക്കാൻ ശ്രമിക്കുക.

9 നമ്മുടെ ഭവനത്തിലെ കുഞ്ഞുങ്ങളെ സഭ നിർദ്ദേശിക്കുന്ന നോമ്പാചരണം അതിന്റെ കൃത്യതയോടെ അനുഷ്ഠിക്കാൻ പരിശീലിപ്പിക്കുക.

10 വൃദ്ധമന്ദിരങ്ങളിലും ആതുരാലയങ്ങളിലും കഴിയുന്നവരെ സന്ദർശിക്കുക.

ഈശോയുടെ ഉത്ഥാനത്തിൽ പങ്കുകാരായി ദൈവപുത്രസ്ഥാനം നേടണമെങ്കിൽ ആത്മശുദ്ധീകരണം ആവശ്യമാണ്. ഈലോകജീവിതം മനുഷ്യജീവിതത്തിന്റെ അന്ത്യമല്ല എന്നും ഉപവാസവും അനുതാപവും പ്രാർത്ഥനയും വഴി പാപപരിഹാരം ചെയ്ത് ആത്മവിശുദ്ധീകരണം നേടണമെന്നും ഈ നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ നോമ്പാചരണത്തോടനുബന്ധിച്ച് മത്സ്യമാംസാദികൾ ഉപേക്ഷിച്ചും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്തും ദാനധർമ്മം ചെയ്തും ആത്മവിശുദ്ധീകരണം പ്രാപിക്കണമെന്ന് സഭ നമ്മോട് ആവശ്യപ്പെടുന്നു. ലൗകിക സമ്പാദ്യങ്ങളിൽ മനസ്സുറപ്പിക്കാതെ സ്വർഗ്ഗരാജ്യത്തിലേക്ക് അനശ്വര സമ്പാദ്യങ്ങൾ കരുതിവയ്ക്കാൻ നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കട്ടെ.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB: 2020 ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.





Ref: 3247/K-5/KCBC/OL/DS 11 February 2020

**മാർപാപ്പായുടെ സന്ദേശം**

**ഇരുപത്തിയെട്ടാം ലോകരോഗീ ദിനാചരണം - 2020**

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"
(മത്താ. 11:28).

പ്രിയ സഹോദരീസഹോദരന്മാരേ,

1. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. ക്ലേശിതരും ക്ഷീണിതരുമായവർക്ക് അത് പുതിയ ശക്തി നല്കുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടന്നു പറയുന്നു: "എന്റെയടുക്കൽ വരുവിൻ." അവിടന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

"യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടത്തെ മുമ്പിലുണ്ട്: ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹികവ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടത്തെ വാക്കു കേൾക്കാൻവേണ്ടി അവിടത്തെ പിന്തുടർന്നു - പ്രത്യാശ നല്കുന്ന ഒരു വാക്കുകേൾക്കാൻ. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!" (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്രരോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻകീഴിൽ അവിടത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടുന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നി

ധ്യവും നല്കുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റു നോക്കുന്ന കണ്ണുകളുള്ള അവിടന്ന് മുറിവേറ്റ മനുഷ്യവംശത്തെ നോക്കുന്നു. ആ നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുലസ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടന്നു ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടന്നു തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽ നിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്നവർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗരവപൂർണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താനാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാലിയേറ്റീവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ, അംഗവൈകല്യത്തിന്റെ അസംഖ്യം രൂപങ്ങൾ, കുട്ടികൾക്കുള്ളവ അഥവാ പാരമ്പര്യരോഗങ്ങൾ... ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്.

സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമഗ്രതയ്ക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജീവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യാത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സ്നേഹം പ്രതീക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതു തന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയ സഹോദരീസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളെ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരു"മാക്കുന്നു. അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരുട്ടുനി





റഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ "ഇരുണ്ട രാത്രിയിൽ" നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നല്കിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടി വരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്കാ10:34) "സത്രം" ആയിത്തീരാൻ, അതായത്, അവിടത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരണവും ആശ്വാസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു വീക്ഷണം നല്കാൻവേണ്ടിയാണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, ചികിത്സാപരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ദ്ധരായവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈഗ്ദ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നല്കാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു: "ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിന

യപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം" (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ദ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം: രോഗനിർണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. "വ്യക്തി" എന്ന നാമം "രോഗി" എന്ന വിശേഷണത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്വത്തെയും ജീവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിരരോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും - പരാജയങ്ങളെപ്പോലും - നേരിടേണ്ടിവരും. അപ്പോൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29-53).

ജീവനെ ആരംഭംമുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ "അതേ" എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നില്ക്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽവൈദഗ്ദ്ധ്യം ജീവനുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്തൽ ശ്രമവും നടത്താൻ നിങ്ങൾക്കു





കഴിയും. രോഗിക്ക് ആശ്വാസം നല്കുന്ന പെരുമാറ്റംകൊണ്ടും ചികിത്സാപ്രക്രിയകൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടുന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുമുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ദ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താത്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താത്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു.

രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 3 ജനുവരി 2020

യേശുവിന്റെ ഏറ്റവും വിശുദ്ധ നാമത്തിന്റെ ഓർമ്മദിവസം

**ഫ്രാൻസിസ് പാപ്പാ**

Ref: 3249/K-5/KCBC/OL/DS 20.1.2020

## 2020 ഫെബ്രുവരി 9 തിരുബാലസഖ്യദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

1843-ൽ ഫ്രാൻസിൽ സ്ഥാപിതമായ തിരുബാലസഖ്യത്തെ 1922-ൽ 11-ാം പീയൂസ് പാപ്പ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രികസഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാർവ്വത്രിക സഭയോട് ചേർന്ന് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയായ ഇന്ന് (09.02.2020) ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണ്. തിരുബാലസഖ്യത്തിലെ എല്ലാ അംഗങ്ങൾക്കും അവരെ നയിക്കുന്നവർക്കും ഈ നല്ല ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ നിർദേശമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി സമുചിതമായി ആചരിച്ചതിന്റെ തുടർച്ചയായി കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് ''മിസ്സിയോ ദേയി 2020'' എന്ന പേര് നൽകി പ്രേഷിതവർഷമായി ആചരിക്കുകയാണ്. കേരളസഭയ്ക്കു മുഴുവൻ നവ പ്രേഷിത ചൈതന്യവും പ്രേഷിതമാനസാന്തരവും നല്കി, ''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' എന്ന നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ പ്രേഷിത ആഹ്വാനത്തെ പൂർവ്വാധികം കൃപയോടും തീക്ഷ്ണതയോടും ശിരസ്സാവഹിച്ച് ജീവിക്കാനും പ്രഘോഷിക്കാനുമുള്ള ദൗത്യം കേരളസഭ ഏറ്റെടുക്കുകയാണ്. ഈ പ്രേഷിത നവചൈതന്യം എല്ലാവരെക്കാളും ഉപരിയായി ജ്വലിപ്പിക്കേണ്ടത് കുഞ്ഞുമക്കളെയും യുവതലമുറയെയും ആണ്.





നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ എന്നും, കുഞ്ഞുങ്ങളെ കണ്ടു പഠിക്കുവിൻ എന്നും, ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 19:15) എന്നും യേശു പറഞ്ഞ സത്യങ്ങൾ നാം തിരിച്ചറിയണം.

നന്മ മാത്രം നല്കിയും നന്മയുടെ പശ്ചാത്തലങ്ങൾ ഒരുക്കിയും കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ നാം പങ്കുചേരണം. ഇന്ന് കുഞ്ഞുങ്ങൾ ഏറെ സങ്കീർണതകളിലൂടെ കടന്നുപോകുന്നു എന്ന് നാം മനസ്സിലാക്കണം. കുടുംബങ്ങളുടെ ശൈഥില്യവും മാതാപിതാക്കളുടെ ഇടയിലെ മത്സരങ്ങളും, മദ്യപാനം, ലഹരി ഉപയോഗം എന്നിവയുടെ സമ്മർദ്ദത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾ, അസമാധാനം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുഞ്ഞുങ്ങളെ ദുരുപയോഗിക്കുന്നവരുടെ കഴുകൻ കണ്ണുകൾ - ഇവ നമ്മുടെ കുരുന്നുകളുടെ ജീവിതം അപഹരിക്കുകയാണ്. പ്രായത്തോടൊപ്പം വിരിയേണ്ട അവരുടെ വൈകാരിക, ലൈംഗിക ജിജ്ഞാസകളും താത്പര്യങ്ങളും അറിവുകളും അനുഭവങ്ങളും വളരെ മുമ്പേതന്നെ ഉദ്ദീപിപ്പിക്കുന്ന ഇന്നത്തെ സാഹചര്യം മുതിർന്നവരായ നമ്മുടെ മുമ്പിലെ വെല്ലുവിളിയും കൃത്യമായ പ്രവർത്തനങ്ങൾക്കുള്ള ചൂണ്ടുപലകയും ആവണം.

തിരുക്കുടുംബത്തിലെ ഉണ്ണിയായ യേശു വളർന്നുവന്നതുപോലെയാണോ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്? പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും ദൈവഹിതം ആരാഞ്ഞ് അതിനടിയറവു പറഞ്ഞ് ദിവ്യശിശുവായ യേശുവിനെ ദൈവികദൗത്യത്തിനായി (മിസ്സിയോ ദേയി) വളർത്തിയതു പോലെയാണോ ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നത്? ക്രൈസ്തവ കുടുംബജീവിതം നയിക്കുന്ന നമ്മളോട് ദൈവവും കാലവും ചോദിക്കുന്ന ചോദ്യങ്ങളാണിവ.

പ്രേഷിതവർഷത്തിൽ കുഞ്ഞുങ്ങളെ യേശു വളർന്നതുപോലെ നാലു തലങ്ങളിൽ നമുക്ക് വളർത്തിയെടുക്കാം - ജ്ഞാനത്തിൽ, പ്രായത്തിൽ, ദൈവപ്രീതിയിൽ, മനുഷ്യപ്രീതിയിൽ. ഒന്നാമതായി, ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം. അത് ബുദ്ധിയല്ല, ജ്ഞാനമാണ്. അറിവല്ല, തിരിച്ചറിവാണ്. രണ്ടാമതായി, പ്രായത്തിൽ വളർന്നുവരണം. പ്രായം എന്നത് ശരീരത്തിന്റെ വളർച്ചമാത്രമല്ല.

ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുവളരുന്നത് അപ്പംകൊണ്ട് മാത്രമല്ല, വചനങ്ങൾ കൊണ്ടും കൂടിയാണ്. അതിനാൽ കുഞ്ഞുമനസ്സുകൾ വചനത്തിനായി തുറക്കപ്പെടണം. മൂന്നാമതായി, കുഞ്ഞുങ്ങൾ ദൈവപ്രീതിയിൽ വളർന്നുവരണം. ശരീരത്തെ ദേവാലയമാക്കുന്നതാണ് ദൈവപ്രീതി. നാലാമതായി, ഓരോ കുഞ്ഞും മനുഷ്യപ്രീതിയിൽ വളർന്നുവരണം. ഒപ്പം നിൽക്കുന്നവരെ പ്രകാശിപ്പിക്കുന്ന മാനുഷികഗുണങ്ങളെ സ്വന്തമാക്കലാണത്. ഇപ്രകാരം കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

പ്രേഷിതമാനസാന്തരത്തിന്റെ ഈ അസുലഭ അവസരത്തിൽ കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ് പരമപ്രധാനമായ ദൗത്യം. "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നത്, "ജീവിതത്തിലെ ഒരേ ഒരു ദുരന്തം വിശുദ്ധനാകാത്തതാണ്" (GE 34) എന്നാണ്. കുഞ്ഞുങ്ങളെയും നമ്മെയും അനുദിനം വിശുദ്ധരായി മാറ്റാൻ നാല് ആത്മീയ പാതകൾ തിരഞ്ഞെടുക്കണമെന്ന് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷിത മാസാചരണത്തിന്റെ അവസരത്തിൽ ആവശ്യപ്പെട്ടിരുന്നു. ഒന്ന്, എല്ലാ കുഞ്ഞുങ്ങളെയും ദൈവവചനത്തിലും ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുപ്പിച്ച് അവരെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുക. രണ്ട്, ക്രിസ്തുസ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്കു സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയസംസർഗം ശക്തിപ്പെടുത്തുക. ഇതുവഴി വിശുദ്ധരുടെ മാതൃകയും ചൈതന്യവും കുഞ്ഞുമനസ്സുകളെ സ്വാധീനിക്കാൻ കാരണമാകും. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനും പ്രേഷിത രൂപീകരണം നേടുക. ഈ പ്രേഷിത രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാനുള്ള ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം. നാല്, ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കുടുംബം ഇന്ന് കാരുണ്യത്തിന്റെ കരങ്ങൾ അവശർക്കും ആലംബഹീനർക്കുമായി നീട്ടേണ്ടത് കുരുന്നുകരങ്ങളിലൂടെയാണ്. സ്വാർത്ഥതയുടെ ഈ ലോകത്ത് പൗലോസപ്പസ്തോലൻ പറയുന്ന





തുപോലെ, "ഓരോരുത്തരും തങ്ങളുടെ കാര്യങ്ങൾ മാത്രം നോക്കിയാൽ പോരാ, മറ്റുള്ളവരെ തങ്ങളെക്കാൾ വിലപ്പെട്ടവരായി കരുതണം."

പ്രേഷിതവർഷത്തിലെ തിരുബാലസഖ്യദിനത്തിൽ "സ്നേഹത്തിന്റെ ആനന്ദ"ത്തിൽ ഫ്രാൻസിസ് പാപ്പാ നമ്മോട് ചോദിക്കുന്ന ചോദ്യം വിചിന്തനം ചെയ്യുന്നത് സമുചിതമാണ്. "എവിടെയാണ് നമ്മുടെ കുട്ടികൾ? അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ" (AL 261). പ്രേഷിതവർഷാചരണത്തിലൂടെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിശ്വാസം പകർന്നു നല്കുന്ന പ്രഥമ അധ്യാപകർ മാതാപിതാക്കൾ ആണെന്ന് മനസ്സിലാക്കുക.
2. ധാർമ്മികപരിശീലനം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുക.
3. നന്മയ്ക്കുവേണ്ടിയുള്ള ദാഹം കുട്ടികളിൽ ജനിപ്പിക്കുക.
4. വിശുദ്ധിയിൽ വളരാൻ കൊച്ചു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക.
5. കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാക്കുക.
6. ക്രിസ്തുവിനോടും വിശുദ്ധഗ്രന്ഥത്തോടുമുള്ള ആത്മബന്ധം ജനിപ്പിക്കുന്ന പ്രാർത്ഥനാവേളകൾ അനുദിനം കുടുംബങ്ങളിൽ ശീലമാക്കുക.
7. തകരുന്ന കുടുംബങ്ങളിൽ തകർന്നു പോകുന്നത് കുഞ്ഞുങ്ങളാണെന്ന സത്യം മനസ്സിലാക്കുക.
8. മാറുന്ന ലോകത്ത് മാറാത്ത ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.
9. വഴിതെറ്റിക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ നിന്നും വീഡിയോ ഗെയിമുകളിൽ നിന്നും സൈറ്റുകളിൽ നിന്നും അകലം പാലിക്കാൻ മക്കളെ ശീലിപ്പിക്കുക.
10. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെ കടത്തി

ക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക.

കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിലും തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ആഴ്ചയിൽ ഒരു ദിവസം തിരുബാലസംഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ പ്രേരിപ്പിക്കുകയും പ്രേഷിത ചൈതന്യത്തിൽ വളർത്തുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി വളരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ**

വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2020 ഫെബ്രുവരി 9–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.





# രൂപതക്കച്ചേരി

### *C. 11/2020* **അഖിലലോക രോഗീദിനം**

2020 ഫെബ്രുവരി 11–ാം തീയതി ചൊവ്വാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C. 12/2020* **സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ**

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് 2020 ഫെബ്രുവരി 21–ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണം മൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C.13/2020* **വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും**

2020 ഫെബ്രുവരി 23–ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. വളരെ അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ ആഘോഷങ്ങൾ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി, വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

### *C.14 /2020* മലേക്കുരിശ് തീർത്ഥാടനം

നമ്മുടെ രൂപതയിലെ പൗരാണികമായ ആരക്കുഴ-മലേക്കുരിശിലേയ്ക്കുള്ള തീർത്ഥാടനത്തിനും മലകയറ്റത്തിനും രണ്ടര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ലോകമെമ്പാടും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയും ക്രിസ്തീയ വിശ്വാസം ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വലിയ നോമ്പിനോടനുബന്ധിച്ച് രൂപതാകുടുംബം ഒരുമിച്ച് മലകയറുന്നതും, പ്രാർത്ഥിക്കുന്നതും അനുഗ്രഹപ്രദമാണ്. **2020 ഫെബ്രുവരി 28-ാം തീയതി വെള്ളിയാഴ്ച** രൂപതാതലത്തിൽ ആരക്കുഴ-മലേക്കുരിശ് തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുകയാണ്. അന്നേ ദിവസം രാവിലെ 8.30-ന് മൂവാറ്റുപുഴ ഹോളി മാഗി ദൈവാലയത്തിൽ നിന്ന് കാൽനടയായി മലേക്കുരിശിലേക്ക് തീർത്ഥാടനം നടത്തുന്നതും തുടർന്ന് മലമുകളിൽ വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതുമാണ്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ അറിയിച്ച് കഴിയുന്നത്ര വിശ്വാസികളെ ഇതിൽ പങ്കുചേരുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

Bishop

### *C. 15/2020* New Appointments

| **Parochial Vicar** | | | |
|---|---|---|---|
| **09-12-2019** | | | |
| Karakunnam | - | Fr. George Elamthuruthil OFM. Cap | |
| Velielchal | - | Fr. Kuriakose Elavumkal OFM. Cap | |
| **15-01-2020** | | | |
| Anicadu | - | Fr. Peter Paremman | 8113811618 |
| Arakuzha | - | Fr. Scaria Kunnath | 8606792996 |
| Kallanickal | - | Fr. George Edathala | 9744190591 |
| Karimannoor | - | Fr. Joseph Kochuputhenpurayil | 9539881856 |
| Pannimattam | - | Fr. Joseph Vadakkedath | 8547982385 |
| Purapuzha | - | Fr. George Nedungattu | 8547360712 |
| Thazhuvamkunnu | - | Fr. Joseph Vallomkunnel | 8547266775 |
| Thodupuzha East | - | Fr. Emmanuel Vellamkunnel | 9496755314 |
| Udumbannoor | - | Fr. Sebastian Nedumpurath | 8390148560 |
| Vazhakulam | - | Fr. Joseph Madathil | 8547900190 |
| **Vicar 15-02-2020** | | | |
| Perumannoor | - | Fr. Joseph Pulickal (Jr) | |

*Bishop*





### *C.16/2020* അഭിനന്ദനങ്ങൾ



രൂപത മതബോധന ഡയറക്ടറും ഓൾ കേരള ജീസസ് യൂത്ത് ചാപ്ലയിനും ആയ റവ. ഡോ. ജോസഫ് എഴുമായിൽ അന്തർദേശീയ ജീസസ് യൂത്ത് കൗൺസിലിന്റെ ചാപ്ലയിനായി തെരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

### C. *17/2020* Presbyterium

A plenary meeting of the Priests of the Eparchy of Kothamangalam will be conducted on Tuesday **February 11** from 10.00 am to 1.00 pm at NESTT, Muvattupuzha. All are expected to participate without fail. Agenda may be send before 09-02-2020.

*Bishop*

*C.18/2020*

### Corporate Educational Agency, Diocese of Kothamangalam

(Nirmala College Muvattupuzha and Newman College Thodupuzha)

**NOTIFICATION**

Applications are invited from eligible candidates for the permanent faculty position of Assistant Professors in the following disciplines.

| Subject | Number of vacancies | | Subject | Number of vacancies | |
|---|---|---|---|---|---|
| | Open Merit | Community Merit | | Open Merit | Community Merit |
| English | 1 | 1 | Chemistry | 2 | 1 |
| Hindi | 2 | 2 | Botany | 1 | 1 |
| Malavalam | 1 | | Zoology | 1 | 1 |
| Maths | 1 | 1 | Statistics | 2 | 2 |
| Physics | 1 | 1 | Commerce | 2 | 1 |

Age and qualifications are as prescribed by UGCIM.G. University/ Govt. of Kerala. Application form can be had from the Office of Corporate Educational Agency, Bishop's House, Diocese of Kothamangalam on payment of Rs.I000/- in cash or D.D. of Rs.I050/- The hard copy of the application along with copies of all the certificates and other relevant documents in support of the claim should reach the office of the Manager on or before 13-02-2020.

*Manager*

*PC.1/2020* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് – 2019 ഡിസംബർ 21**

രൂപത പാസ്റ്ററൽ കൗൺസിലിന്റെ ഒരു സാധാരണയോഗം 2019 ഡിസംബർ 21-ാം തീയതി ശനിയാഴ്ച കോതമംഗലം ബിഷപ് ഹൗസിൽ വച്ച് നടന്നു. 10.00 am-ന് മോൺ. ഫ്രാൻസിസ് കീരംപാറ നടത്തിയ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മോൺ. ജോർജ് ഓലിയപ്പുറം ഏവരെയും സ്വാഗതം ചെയ്യുകയും സെക്രട്ടറി റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ മുൻയോഗറിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ആമുഖ സന്ദേശത്തിൽ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആത്മീയ ശക്തീകരണവർഷ പ്രവർത്തനങ്ങളെക്കുറിച്ചും 2020 സെപ്തംബറിൽ നടക്കേണ്ട എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ചും സംസാരിച്ചു. നമ്മുടെ രൂപതയിലെ ഭൂരിഭാഗം വരുന്ന കർഷകരെ സഹായിക്കുവാൻ എന്തുചെയ്യുവാൻ കഴിയുമെന്ന് കൂട്ടായി ചിന്തിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

തുടർന്ന് ശ്രീമതി ജെസ്സി സേവ്യർ കാട്ടുകുടി Safe Environment progrmme ആയി ബന്ധപ്പെട്ട ക്ലാസ്സ് നയിച്ചു. Juvenile Justice Act, Child Care and Protection Act, POCSO Act എന്നിവ വിശദീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് സഭാധികാരികളുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തുകയും ചെയ്തു. ചർച്ച് ആക്ടിനെക്കുറിച്ച് റവ. ഡോ. ജോർജ്ജ് തെക്കേക്കര നയിച്ച ക്ലാസ്സായിരുന്നു പിന്നീട് നടന്നത്. കത്തോലിക്കാ സഭയെ പ്രത്യേകം ലക്ഷ്യംവച്ചുകൊണ്ടാണ് ഈ ബിൽ വിഭാവനം ചെയ്തിരിക്കുന്നതെന്നും സഭയെ ഒരു ഭൗതികസ്ഥാപനം മാത്രമായി കരുതുന്ന അവസ്ഥയാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. ബിൽ അനുസരിച്ച് സഭയെന്നത് വിശ്വാസികളുടെ സമൂഹം എന്നതിനേക്കാൾ, ഇടവക, ജില്ല (രൂപത), സംസ്ഥാനം (സഭ) എന്നീ വിധത്തിലുള്ള സ്വതന്ത്ര ട്രസ്റ്റുകളാണ്. അതുപോലെ ഇടവകയിലെ അംഗങ്ങൾ മാമ്മോദീസ സ്വീകരിച്ചവരാകണമെന്നില്ല; യേശുക്രിസ്തുവിനെ കർത്താവും രക്ഷകനുമായി ഏറ്റുപറയുന്നവരായാൽ മതി. ഇടവകാംഗത്വവും ഓരോ വർഷവും കൊടുക്കേണ്ട അംഗത്വഫീസും ട്രസ്റ്റ് തീരുമാനിക്കും. ഈ ബിൽ നടപ്പാക്കപ്പെടുന്ന പക്ഷം സഭയുടെ ഭൗതികവസ്തുക്കളുടെ മേലുള്ള അവകാശം നഷ്ടമാകുമെന്നു മാത്രമല്ല, ആത്മീയ പ്രവർത്തനങ്ങളുടെ നിയന്ത്രണവും സഭയ്ക്ക് നഷ്ടമാവുകയും കാനൻ നിയമം പോലും അപ്രസക്തമാവുകയും ചെയ്യും. കാലാകാലങ്ങളിൽ വരുന്ന





സർക്കാരുകൾക്ക് സഭയുടെ മേൽ പുതിയ നിയന്ത്രണങ്ങളും അധികാരാവകാശങ്ങളും ഏർപ്പെടുത്തുകയും ചെയ്യാമെന്നാകും.

പൊതുചർച്ചയിൽ കത്തോലിക്കർ രാഷ്ട്രീയതലങ്ങളിൽ സ്ഥാനാർത്ഥികളായി വരണമെന്ന നിർദ്ദേശമുണ്ടായി. കുട്ടികളോടുള്ള സമീപനം നല്ലതാകണം. അതോടൊപ്പം അവർക്ക് ചെറുപ്പത്തിലേ തന്നെ ശിക്ഷണം കൊടുക്കണം. പെൺകുട്ടികളുടെ വസ്ത്രധാരണവും ശ്രദ്ധിക്കണം. കർഷക പ്രശ്നങ്ങളിൽ സഭ ഇടപെടണം. വില സ്ഥിരത, കർഷകപെൻഷൻ, വന്യമൃഗ ശല്യം തുടങ്ങി എല്ലാ വിഷയങ്ങളും ചേർത്ത് ഒരു പ്രമേയം പാസ്സാക്കി പ്രസിദ്ധീകരിക്കണം എന്നുള്ള നിർദ്ദേശങ്ങളാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞത്.

ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി കോതമംഗലം രൂപത ഏർപ്പെടുത്തിയിരിക്കുന്ന മാർ ജോർജ്ജ് പുന്നക്കോട്ടിൽ എപ്പിസ്കോപ്പൽ സിൽവർ ജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പ് 25,000/- രൂപ വീതം 24 പേർക്ക് വിതരണം ചെയ്തു. മൂവാറ്റുപുഴ നിർമ്മല കോളേജ് പ്രിൻസിപ്പൽ ഡോ. ജയിംസ് മാത്യു ക്രിസ്തുമസ് സന്ദേശം നൽകുകയും ഏവർക്കും ആശംസകൾ നേരുകയും ചെയ്തു. രൂപതാ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ അവതരിപ്പിച്ചു. 3.00 pm-ന് മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിലിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

*Pr. C.1/2020* **Report of the Presbyteral Council held on Tuesday, December 17, 2019**

An ordinary meeting of the Presbyteral Council was held on Tuesday 17th December 2019 at the Bishop's House. His Excellency Mar George Madathikandathil presided over the meeting. In the meeting which began with a prayer at 10.00 am thirty members participated. The Protosyncellus V. Rev. Mgr. George Oliapuram welcomed the participants. After the report of the previous meeting presented by the secretary, the president gave the introductory talk and suggested the topics for discussion.

In his introductory talk the president made special reference to the Spiritual Empowerment Year declared by the Eparchy in view of deepening the Christian life of the faithful and to give hope to the people in this era of distress and inflation. He said that we have to be conscious

of the hidden threats of the ‘Church Bill’ that is on the agenda of the government. His Excellency suggested that the proposed farmers rally can be conducted in collaboration with the Eparchy of Idukki.

In the next session Mgr. Cherian Kanjirakompil explained the nuances of the ‘Church bill’ and there was a fruitful discussion on it. ‘Church Bill’ is getting more positive support from the general public due to the Jacobite - Orthodox conflict. A dialogue with the Jacobite church may be good at this moment. Hence our common faithful are to be informed of the serious repercussions of the Bill. Sometimes the priests are disinterested in this matter due to the various accusations from the people and the media.

Next topic for discussion was the observance of the Spiritual Empowerment Year which is now going on in the Eparchy. After completing the ‘prayer day programme’ in parishes, seminars and retreats for different age groups may be planned.

A main point for discussion was the issues faced by the farmers. The general opinion was that the Church must always stand with the farmers who are a major portion of our faithful. We can promote agriculture by finding market for their products and if possible by starting factories for value added products. Organic farming also is to be promoted.

Following this, the annual accounts of various institutions of the Diocese were presented. Institution directors clarified all the doubts of the members.

Finally, Mgr. Francis Keerampara extended Christmas and New Year greetings to all and proposed the vote of thanks. The meeting came to an end by 1.30 p.m.

*Secretary*

### C. *19./2020* The remittance of *Thirattu Fee* and *Other Amounts* for the financial year 2019-20

This is to inform you about the **mode of payment** regarding the amounts to be paid from your Parish for the Financial year 2019-20. The





payment is to be made by **three separate Cheques** of the **Scheduled banks/ Nationalised banks**.

**(Cheques of Co-operative Banks / Societies are not acceptable)**

**The amounts to be remitted are given below:**

1. For the following items, (1 a, b) **two separate cheques** are to be drawn in favour of **"Bishop's House Kothamangalam."**
   a. Thirattu Fee (one Cheque in favour of ‘Bishop’s House Kothamangalam’)
   b. Clergy Relief Fund (one Cheque in favour of ‘Bishop’s House Kothamangalam’)
2. For the following items, (2 a, b, c) **only one cheque** is to be drawn in favour of **"Diocese of Kothamangalam."**
   a. Diocesan collections.
   b. Sabhadhinam (July 3) Collection.
   c. Syro - Malabar Mission Sunday Collection.

Besides the above amounts, **Rs. 250** is to be paid in **cash** for Directory, Deivarajyam and Panchangam and **Rs.14500 per priest** for PWA contribution in **cash** (**Rs.7200** as contribution of the Church and **Rs.7300** as personal contribution of the Priest).

Please pay the above referred amounts before **25.03.2020**.

The cheques presented after 25th March, will be accounted only in the month of April. So those cheques **should not be accounted** in the month of **March**, in the Church account. It should be accounted only in the month of April.

### *C.20/2020* ആത്മസ്ഥിതി കംപ്യൂട്ടർ വത്ക്കരണം

നമ്മുടെ പള്ളികളിലെ രേഖകളെല്ലാം കംപ്യൂട്ടർവത്ക്കരിക്കുന്നതിനായി ‘CDMS’എന്ന പേരിൽ ഉപയോഗിച്ചിരുന്ന സോഫ്റ്റ്വെയർ കൂടുതൽ ഉപയോഗക്ഷമത വരുത്തുവാൻ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നല്ലോ. അതനുസരിച്ച് ‘Linux’പ്രോഗ്രാം ഒഴിവാക്കി “windows” പ്രോഗ്രാമിലേക്ക് മേല്പറഞ്ഞ സോഫ്റ്റ്വെയർ പുതുക്കിയിരിക്കുന്നു. കൂടുതൽ എളുപ്പത്തിൽ രേഖകൾ സൂക്ഷിക്കുവാനും പള്ളിയിൽ ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും വളരെ ലളിതമായ രീതിയിൽ നൽകു

വാനും ഇതുവഴി സാധിക്കും. പുതുക്കിയ സോഫ്റ്റ്‌വെയർ ഫെബ്രുവരി മാസം മുതൽ പ്രോഗ്രാം നിലവിൽ ഉള്ളവർക്ക് updateചെയ്ത് നൽകുന്നതാണ്. പ്രോഗ്രാം പുതിയതായി ചെയ്യേണ്ട പള്ളികളിലെ ബഹു. വികാരിയച്ചന്മാർ രൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഈ പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിന് താഴെ പറയുന്ന വൈദികർ അടങ്ങുന്ന കമ്മറ്റി പരിശ്രമിക്കുന്നതുമാണ്. എല്ലാ ബഹു വൈദികരുടെയും പ്രോത്സാഹനം പ്രതീക്ഷിച്ചുകൊള്ളുന്നു.

1) ഫാ. ജെയിംസ് മുണ്ടോളിക്കൽ
2) ഫാ. മാത്യു കൊച്ചുമുണ്ടൻമലയിൽ
3) ഫാ. മാർട്ടിൻ കച്ചിറപാറേക്കുടിയിൽ
4) ഫാ. ജോസഫ് താണിക്കൽ
5) ഫാ. മാത്യു പുത്തൻകുളം

*C. 21/2020* **2019 -20 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റിംഗ്**

2019-20 വർഷത്തെ കണക്കുകൾ ഏപ്രിൽ 15 നകം കംപ്യൂട്ടറിൽ തയ്യാറാക്കേണ്ടതാണ്. 2020 ഏപ്രിൽ 15 ന് ശേഷം ഓഡിറ്ററുടെ സൗകര്യമനുസരിച്ച് ഓഡിറ്റിംഗ് സ്ഥലവും, തീയതിയും മുൻകൂട്ടി അറിയിക്കുന്നതാണ്. ബഹു. വികാരിയച്ചനും, നടത്തുകൈക്കാരനും, അക്കൗണ്ടന്റും താഴെ പറയുന്ന രേഖകൾ സഹിതം അന്നേ ദിവസം ഓഡിറ്റിംഗിനായി വരേണ്ടതാണ്.

1. നാൾവഴി (Cash Book - Bound Computer Copy)
2. പേരേട് (Ledger - Bound Computer Copy)
3. ട്രയൽ ബാലൻസ് (Trial Balance - Bound Computer Copy)
4. 2019 - 2020 ലെ ബിൽസ് & വൗച്ചേഴ്സ് (Bills & Vouchers)
5. സ്ഥിരനിക്ഷേപ രസീതുകളുടെ കോപ്പി (കാലാവധി കഴിഞ്ഞതാണെങ്കിൽ പുതുക്കിയത്)
6. ബാങ്കിലെ S.B നിക്ഷേപങ്ങളുടെ ബാലൻസ് കൺഫർമേഷൻ സർട്ടിഫിക്കറ്റ് (മാർച്ച് 31 പ്രകാരം, മാനേജർ സാക്ഷ്യപ്പെടുത്തിയത്)
7. 2018-2019 ലെ ഓഡിറ്റ് സ്റ്റേറ്റുമെന്റുകളുടെ കോപ്പി





**NB**: പൊതു ഓഡിറ്റിംഗിൽ പങ്കെടുക്കുവാൻ അസൗകര്യമുണ്ടാകുന്ന പള്ളികൾ ശ്രീ. ജോസ് കാപ്പന്റെ ഓഫീസുമായി ബന്ധപ്പെട്ട് **15.06.2020**-ന് മുമ്പായി ഓഡിറ്റിംഗ് നടത്തേണ്ടതാണ്.

**തിരട്ട് രൂപതാകേന്ദ്രത്തിൽ നൽകുമ്പോൾ ഹാജരാക്കേണ്ടവ**

1. തിരട്ട് ബുക്ക് (Thirattu Book)
2. നാൾവഴി (Cash Book - Bound Computer Copy)
3. പേരേട് (Ledger - Bound Computer Copy)
4. ട്രയൽ ബാലൻസ് (Trial Balance)
5. റസീപ്റ്റ്സ് & പേമെന്റ്സ് അക്കൗണ്ട് (Receipts and Payments A/c)
6. സ്ഥിരനിക്ഷേപ രസീതുകളുടെ കോപ്പി (കാലാവധി കഴിഞ്ഞതാണെങ്കിൽ പുതുക്കിയത്)
7. ബാങ്കിലെ SB നിക്ഷേപങ്ങളുടെ ബാലൻസ് കൺഫർമേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി. (മാർച്ച് 31 പ്രകാരം)
8. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുവെങ്കിൽ (Audit Report)
9. 2019 -20-ലെ കണക്ക് കംപ്യൂട്ടറിൽ ചെയ്ത പ്രോഗ്രാമിന്റെ ഒരു കോപ്പി സി. ഡി/പെൻഡ്രൈവിൽ തരേണ്ടതാണ്. ('master.mdb' file)

**NB**: 1. ആത്മകാര്യം ഉള്ള പള്ളികൾ ടി ഇനം തിരട്ട് ഹാജരാക്കേണ്ടതാണ്.

2. ഓഡിറ്റിംഗിനു ശേഷമാണ് കണക്കുകൾ ഹാജരാക്കേണ്ടത്.

3. തിരട്ട് തയ്യാറാക്കുമ്പോൾ പൊതുയോഗ തീരുമാനം, പുതിയ കൈക്കാരന്മാരുടെ പേര്, തിരട്ടിനം നൽകിയ തുക, നടപ്പു സാമ്പത്തിക വർഷത്തെ (2019-20) കണക്കുകൾ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയത് etc. ചേർത്തിരിക്കേണ്ടതും തിരട്ടിന്റെ അവസാനഭാഗത്ത് ബഹു. വികാരിയും കൈക്കാരന്മാരും പൊതുയോഗാംഗങ്ങളും പേരെഴുതി ഒപ്പുവയ്ക്കേണ്ടതുമാണ്.

NB: Helpline: Account Office (Baby : 9447773176)

Kappen's Office: 04862 224416, 04862 227088

C. *22/2020* **മെഡിക്കൽ ബിൽ**

ബഹു. വൈദികരുടെ 2019-20 ലെ മെഡിക്കൽ ബില്ലുകൾ 2020 മാർച്ച് 25-ന് മുമ്പായി നല്കേണ്ടതാണ്. ₹ 10000-ന് മുകളിലുള്ള മെഡിക്കൽ ബില്ലുകളോടൊപ്പം ബഹു. വൈദികന്റെ Account Name, Account No., Name of the Bank, Branch, IFSC Code എന്നിവകൂടി ഏല്പിക്കേണ്ടതാണ്.

*Procurator*

## ആത്മീയ ശക്തീകരണ വർഷം

**(മാർച്ച് മാസത്തിലെ കുടുംബക്കൂട്ടായ്മയ്ക്കുള്ള ചിന്താവിഷയം)**

## നോമ്പ്, ഉപവാസം, ദാനധർമ്മം

### നോമ്പാചരണം

നോമ്പാചരണത്തിന്റെ കേന്ദ്രബിന്ദു പ്രാർത്ഥനയാണ്. പരിഹാര പ്രവൃത്തികളും കാരുണ്യപ്രവൃത്തികളും അതിനെ കൂടുതൽ സജീവമാക്കുന്നു. സീറോമലബാർ സഭയിൽ, 3 നോമ്പ് (നിനവേ നോമ്പ്), 8 നോമ്പ്, 15 നോമ്പ്, 25 നോമ്പ്, 50 നോമ്പ് എന്നീ നോമ്പാചരണങ്ങൾ അനുഷ്ഠിച്ചുപോരുന്നു. ഓരോ നോമ്പാചരണവും അതിന്റെ പശ്ചാത്തലംകൊണ്ടും ചരിത്രംകൊണ്ടും ശ്രേഷ്ഠമാണ്. നോമ്പാചരണം ക്രിസ്തുവിന്റെ സ്നേഹത്തിലേക്കുള്ള രക്ഷാകരയാത്രയാണ്. അനുതാപത്തോടെ അവിടുത്തെ രക്ഷാകരകർമ്മത്തെയും അതിൽ ഉൾച്ചേർന്നിട്ടുള്ള വ്യക്തികളെയും സംഭവങ്ങളെയും നാം ധ്യാനവിഷയമാക്കുകയും ലോകത്തോടുള്ള മൈത്രി വെടിഞ്ഞ് ദൈവത്തോടുള്ള സ്നേഹത്താൽ നിറയാൻ ഉദ്യമിക്കുകയും ചെയ്യുന്നു.

### ഉപവാസം

ഉപവാസം ദൈവസന്നിധിയിൽ നമ്മെ എളിമപ്പെടുത്താൻ സഹായിക്കുന്ന ഒരു നിമിഷം ആണ്. ദൈവം ആഗ്രഹിക്കുന്ന ഉപവാസം ഭക്ഷണം വർജ്ജിക്കുന്ന ഒരു കാര്യം മാത്രമല്ല. ഏശയ്യ 58:6-7 ൽ പറയുന്നതുപോലെ ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? ഉപവാസം





അപ്പോൾ നമ്മെ ബലപ്പെടുത്തലും അതുവഴിയായി അപരനു ബലമേകലുമാണ്.

### ഉപവാസദൈർഘ്യം ബൈബിളിന്റെ വെളിച്ചത്തിൽ

ലേവ്യ. 16:29 പ്രകാരം പാപപരിഹാരദിനം ഉപവാസദിനമായി ആചരിച്ചുപോന്നിരുന്നു. 3 ദിവസം നീണ്ടു നിൽക്കുന്ന ഉപവാസ പ്രാർത്ഥന എസ്തേർ 4:16-ൽ നാം കാണുന്നു. 6 ദിവസം നീണ്ടുനിൽക്കുന്ന ദാവീദിന്റെ പ്രാർത്ഥന 2 സാമു. 2:17-ൽ നാം കാണുന്നു. 3 ആഴ്ച നിൽക്കുന്ന ഉപവാസം ദാനിയേലിന്റെ പുസ്തകത്തിൽ ദാനി. 10: 2 മുതൽ വിവരിക്കുന്നുണ്ട്. 40 ദിനങ്ങൾ നീണ്ടു നിൽക്കുന്ന ഉപവാസം മോശ നടത്തിയതായി പുറപ്പാട് 34-ാം അദ്ധ്യായത്തിൽ നാം ദർശിക്കുന്നു. 40 ദിവസത്തെ ഉപവാസപ്രാർത്ഥന ഏലിയാ പ്രവാചകൻ നടത്തുന്നതായി 1 രാജാ. 19:8 മുതൽ വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. പുതിയ നിയമത്തിൽ 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ച ഈശോയെ മത്താ. 4-ലും, ലൂക്കാ 4-ലും നാം കണ്ടുമുട്ടുന്നു.

### ഉപവാസംകൊണ്ട് നമ്മിൽ വരുന്ന മാറ്റം

- ✶ ഭോജനപ്രിയം തുടങ്ങിയ ആസക്തികളെ നിയന്ത്രിക്കാം.
- ✶ സാത്താന്റെ ശക്തിക്കെതിരെ വിജയം നേടാം.
- ✶ ആത്മാവിൽ സ്വാതന്ത്ര്യം നേടാം.
- ✶ ദൈവിക നിയോഗം നിറവേറ്റാം.
- ✶ നിത്യജീവൻ പ്രാപിക്കാം.

### ദാനധർമ്മം

നമുക്കു ചുറ്റും ദരിദ്രർ ഉണ്ടാകാതിരിക്കുക എന്നുള്ളത് നമ്മുടെ ആത്യന്തികമായ ഉത്തരവാദിത്വമാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2449 ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. "നീ വസിക്കുന്ന ദേശത്ത് ദരിദ്രർ ഉണ്ടാകാതിരിക്കുകയില്ല. അതിനാൽ നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനുവേണ്ടി കൈയയച്ചുകൊടുക്കുക." "പാവപ്പെട്ടവർക്കുള്ള ധർമ്മദാനം ക്രൈസ്തവ ഉപവിക്കുള്ള സാക്ഷ്യമാണ്. അത് ദൈവത്തിനു പ്രീതികരമായ നീതിയുടെ പ്രവൃത്തികൂടിയാണ്" (CCC 2462).

### ഭക്തിയും അനുഷ്ഠാനവും

ദൈവത്തോടുള്ള ഭക്തി പ്രകടിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും ഉള്ള വഴികളാണ് അനുഷ്ഠാനങ്ങൾ. ഇവ വിശ്വാസിയുടെ അനുദിന

ജീവിതത്തോട് ഒത്തുചേർന്ന് പോകുന്നതാണ്. “അനുഷ്ഠാനങ്ങൾ സഭയുടെ ആരാധന ജീവിതത്തെ വ്യാപിപ്പിക്കുകയാണ്, അതിന് പകരം നിൽക്കുകയല്ല. ആരാധനാക്രമകാലങ്ങളോട് ഒത്തുപോകുന്ന വിധത്തിലും ആരാധനാക്രമത്തോട് പൊരുത്തപ്പെടുന്ന രീതിയിലും അവയെ ചിട്ടപ്പെടുത്തണം” (CCC 1675). ഇക്കാരണത്താലാണ് നോമ്പുകാലത്ത് പരിത്യാഗപ്രവർത്തനങ്ങൾ, തീർത്ഥാടനങ്ങൾ, ഉപവാസം, കുരിശിന്റെ വഴി, ദാനധർമ്മം എന്നീ അനുഷ്ഠാനങ്ങൾ സഭ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നത്.

തിരുശേഷിപ്പുകളോടുള്ള വണക്കം, പ്രദക്ഷിണങ്ങൾ, തീർത്ഥാടനങ്ങൾ, നോമ്പ്, പരിത്യാഗങ്ങൾ, വ്രതങ്ങൾ, നേർച്ചകൾ എന്നിവ ജനകീയ ഭക്തിയുടെ സുപ്രധാന മാർഗ്ഗങ്ങളാണ്. “അവ സഭയിൽ വച്ച് നടക്കുമ്പോഴും സഭയുടേതായിരിക്കുമ്പോഴും നല്ലതാണ്. അവ ക്രിസ്തുവിലേക്ക് നയിക്കുമ്പോഴും ദൈവകൃപ കൂടാതെ, പ്രവൃത്തിവഴി സ്വർഗ്ഗം സമ്പാദിക്കുവാൻ ശ്രമിക്കാതെ ഇരിക്കുമ്പോഴും നല്ലതാണ്” (Youcat 274). യഹൂദർ തീവ്രമായ ആചാരഅനുഷ്ഠാനങ്ങളിലൂടെ കടന്നുപോയ സമയത്ത് പത്ത് കല്പനകളെ അറുന്നൂറോളം നിയമങ്ങളായി മാറ്റി. ഇന്ന് ക്രിസ്ത്യാനികളും അനുഷ്ഠാനങ്ങളിൽ വളരെ മുൻപന്തിയിലാണ്. നോമ്പ്, ഉപവാസം, കുരിശിന്റെ വഴി, പരിഹാരപ്രദക്ഷിണം, തീർത്ഥാടനം, ധ്യാനം, നൊവേനകൾ തുടങ്ങിയ അനുഷ്ഠാനങ്ങളിൽ അതീവ ശ്രദ്ധ പുലർത്തുന്നു. ഇവ എന്നിൽ എന്ത് മാറ്റം വരുത്തുന്നു, അതോ പരിമിതമായ ഒരു കാലത്തേക്ക് മാത്രമുള്ള അനുഷ്ഠാനങ്ങളായി ഞാനിതിനെ ഒതുക്കുകയാണോ എന്ന് നാം ചിന്തിക്കണം.

വി. യാക്കോബ് ശ്ലീഹ തന്റെ ലേഖനത്തിലൂടെ നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു: “പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക” (യാക്കോ. 1:27). അപ്പസ്തോലപ്രവർത്തനങ്ങളിൽ കേസറിയായിലെ കോർണേലിയൂസ് എന്ന ശതാധിപനെയും കുടുംബത്തെയും വിശേഷിപ്പിക്കുന്നത് അവർ ദൈവഭയവും ഭക്തിയുമുള്ളവരായിരുന്നു എന്നാണ്. “അവൻ ജനങ്ങൾക്ക് ഉദാരമായി ദാനധർമ്മം ചെയ്യുകയും ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തുപോന്നു” (അപ്പ. 10:2). ഈ രണ്ട് വചനഭാഗങ്ങളിൽ നിന്നും നമുക്കൊരു കാര്യം മനസ്സിലാക്കാം. ഭക്തി എന്നുള്ളത് പ്രാർത്ഥനയിലും അനുഷ്ഠാനത്തിലും മാത്രം ഒതുങ്ങേണ്ടതല്ല. അത് പരിഹാരപ്രവർത്തനങ്ങളിലൂടെ കടന്ന് പരോപകാരപ്രവർത്തനങ്ങളിൽ എത്തിച്ചേരേണ്ടതാണ്. മറ്റുള്ളവരുടെ വേദനയെ മറന്നുകൊണ്ടുള്ള ഭക്തിയും അനുഷ്ഠാനങ്ങളും നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല.





“നോമ്പും പ്രാർത്ഥനയും പശ്ചാത്താപവുമായ് ത്രിത്വത്തെ മോദാൽ നിത്യം വാഴ്ത്തീടാം” എന്ന് വി. കുർബാനയിൽ നമ്മൾ പ്രാർത്ഥിക്കുന്നു. നോമ്പുകാലത്ത് സഭ ആഗ്രഹിക്കുന്നതുപോലെ നമ്മുടെ അനുഷ്ഠാനങ്ങൾ നമ്മെ യഥാർത്ഥമായ ഭക്തിയിലേക്കും ക്രിസ്തുവിലേക്കും നയിക്കട്ടെ.

**മരുഭൂമിയിലെ പരീക്ഷ**

ദൈവപുത്രനായ ഈശോ തന്റെ പരസ്യശുശ്രൂഷയ്ക്ക് മുമ്പ് സാത്താന്റെ പരീക്ഷകളെ എതിർത്തു തോല്പിച്ചു. ദൈവവും പൈശാചികശക്തിയും എതിർകക്ഷികളാണ്. മാമ്മോദീസായിൽ ഈശോ ദൈവപുത്രനാണെന്ന് പരസ്യമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ദൈവപുത്രന് പൈശാചിക ശക്തിയുമായി ഏറ്റുമുട്ടേണ്ടി വരുമെന്ന് സൂചിപ്പിക്കുകയാണ് പരീക്ഷകളുടെ ലക്ഷ്യം.

ദൈവപുത്രനെന്ന് സ്ഥിരീകരിക്കപ്പെട്ട നിമിഷത്തിൽ ഈശോയെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു.

**മരുഭൂമി :** ഈശോ നാല്പതുദിവസം മരുഭൂമിയിലായിരുന്നു.

1) നാല്പതുവർഷം ഇസ്രായേൽ മരുഭൂമിയിൽ ആയിരുന്നതുപോലെ (സംഖ്യ 32:13)

2) മോശ നാല്പതുദിവസം സീനായ് മലയിലായിരുന്നു. (പുറ. 34:28)

3) നാല്പതു രാവും നാല്പതു പകലും നടന്ന് ഏലിയ കർത്താവിന്റെ മലയായ ഹൊറെബിൽ എത്തി (1 രാജാ. 19:8)

നാല്പത് എന്ന സംഖ്യ മാത്രമല്ല ഇവിടെ ശ്രദ്ധിക്കപ്പെടുന്നത്. മരുഭൂമി എന്ന പ്രതീകം ദൈവത്തിന്റെ അസാന്നിദ്ധ്യത്തിന്റെ സൂചനയാണ്. ദൈവത്തിനെതിരായ ശക്തികളുടെ വാസസ്ഥലമാണ് മരുഭൂമി.

**ദൈവത്തിന്റെ പരിപാലന :** ഈശോയെ മരുഭൂമിയിലേക്ക് നയിക്കുന്നതും പരീക്ഷയുടെ അവസാനം ഈശോയെ ദൈവദൂതന്മാർ ശുശ്രൂഷിക്കുന്നതും ദൈവിക പരിപാലനയാണ്. ദൈവിക പരിപാലനയിൽ

ജീവിക്കുന്ന ഈശോ പൈശാചികശക്തികൾക്കെതിരായി (സാത്താൻ, വന്യമൃഗങ്ങൾ) യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു. വി. മത്തായിയുടെയും, വി. ലൂക്കായുടെയും സുവിശേഷങ്ങളിൽ നാല്പതുദിവസത്തെ ഉപവാസത്തിനു ശേഷമാണ് മാലാഖാമാർ ഈശോയെ ശുശ്രൂഷിക്കുന്നത്. എന്നാൽ വി. മർക്കോസിന്റെ സുവിശേഷത്തിൽ നാല്പതുദിവസവും പരീക്ഷകൾ ഉണ്ടായി. ഈ നാല്പതുദിവസവും വന്യമൃഗങ്ങളും (പൈശാചികശക്തികൾ) ദൈവദൂതന്മാരും (ദൈവപരിപാലന) സന്നിഹിതരായിരുന്നു. പിശാച് ഈശോയെ വിട്ടുപോകുന്നതായി പരാമർശിച്ചിട്ടില്ല. അതായത്, ഈശോ എന്നും പരീക്ഷിക്കപ്പെട്ടു (8:14, 10:2, 12:15). പൈശാചികശക്തി യാഥാർത്ഥ്യമാണ്. പക്ഷേ പരിമിതമാണ്.

**എന്റെ നോമ്പാചരണം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. മാർച്ച് 21-നുശേഷം വരുന്ന വെളുത്തവാവ് കഴിഞ്ഞുള്ള ആദ്യ ഞായറാഴ്ച ഈസ്റ്ററായി സഭ കൊണ്ടാടുന്നു. ദനഹാക്കാലത്തിനും ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ നോമ്പ് ആചരിക്കുന്നു. ഈ നോമ്പുകാലം നാം പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കി വച്ചിരിക്കുന്നു. പേത്തുർത്തായോടുകൂടി നോമ്പുകാലം ആരംഭിക്കുന്നു. 'പേത്തുർത്ത' എന്ന സുറിയാനി വാക്കിന്റെ അർത്ഥം മാനസാന്തരം, തിരിഞ്ഞുനോട്ടം എന്നൊക്കെയാണ്. അനുതാപത്തിനൊരുക്കമായി നെറ്റിയിൽ ചാരം പൂശി വിഭൂതിയോടുകൂടി ആരംഭിക്കുന്നു. വലിയ നോമ്പ് അഥവാ അമ്പത് നോമ്പ് സഹനത്തെയും മരണത്തെയും കുറിച്ചുള്ള ചിന്തകൾ ഉണർത്തുന്നു. ഈശോയുടെ രക്ഷാകര പദ്ധതിയിലെ മർമ്മ പ്രധാനങ്ങളായ പീഡാനുഭവമരണോത്ഥാന രഹസ്യങ്ങളുടെ ഓർമ്മയിലേക്ക് സഭ നമ്മെ കൂട്ടിക്കൊണ്ടു പോകുകയാണ് ഈ കാലത്തിൽ.

അനുതാപത്തിന്റെ ആവശ്യകത വിളിച്ചോതുന്ന വിഭൂതിയും മിശിഹായുടെ രാജകീയ ജറുസലേം പ്രവേശനത്തെക്കുറിക്കുന്ന ഓശാനയും വി. കുർബാന സ്ഥാപിക്കപ്പെട്ട പെസഹായും മനുഷ്യനു മോചനദ്രവ്യമായിത്തീർന്ന ദുഃഖവെള്ളിയും മാമ്മോദീസ വ്രതനവീകരണത്തിന്റെ വലിയ ശനിയാഴ്ചയും തിരുനാളുകളുടെ തിരുനാളായ ഉയിർപ്പുഞായറുമാണ് നോമ്പിലെ പ്രധാന ദിനങ്ങളായി കടന്നുപോകുന്നത്. നാല്പ





തു ദിനരാത്രങ്ങൾ ഉപവസിച്ച മോശയും ഏലിയാ പ്രവാചകനും നമ്മുടെ സ്മരണയിലെത്തുന്നു. ഉപവസിച്ച് പ്രായശ്ചിത്തം ചെയ്ത നിനവേ നിവാസികളും മിശിഹായ്ക്ക് വഴിയൊരുക്കുവാൻ വന്ന താപസനായ യോഹന്നാനും നമുക്ക് ധ്യാനവിഷയമാകുന്നുണ്ട്. ഈ കാലഘട്ടത്തിൽ പരസ്യജീവിതത്തിനൊരുക്കമായി നാല്പതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച ഈശോയെ സഭ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. ഈശോ മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെട്ടതും അവിടുന്ന് പ്രലോഭനങ്ങളെ അതിജീവിക്കുന്നതും ഈ നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. അമ്പതു നോമ്പുകാലഘട്ടത്തിൽ ആഘോഷങ്ങളെ സഭ വിലക്കുന്നു. ഇത് മിശിഹായുടെ പീഡാസഹനത്തെ ധ്യാനിച്ച് പരിഹാരചൈതന്യം പുലർത്തുവാൻ വേണ്ടിയാണ്. ഭൗമിക ജീവിതത്തിന്റെ നശ്വരതയെയും പാപം ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും ഈ കാലഘട്ടത്തിലെ പ്രാർത്ഥനയിലൂടെ നമ്മെ സഭ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

# മൈനർ സെമിനാരി

## *MS 4 /2020* നവവൈദികർക്ക് സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 16-ാം തീയതി മാതൃഭവനമായ മൈനർ സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നൽകി. നവവൈദികർ ആഘോഷമായ സമൂഹബലിയർപ്പിച്ചു. തുടർന്ന് സെമിനാരികുടുംബം അവരെ അനുമോദിച്ചു.

## *MS 5 /2020* അവധിക്കാല ധ്യാനം

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 13 മുതൽ മെയ് 20 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

## *MS 6 /2020* Benefactors' Day

മൈനർ സെമിനാരിയുടെ ഉപകാരികളുടെ സംഗമം ജനുവരി 18-ാം തീയതി നടന്നു. രാവിലെ 10.00-ന് ഇക്കൊല്ലം രൂപതയ്ക്കുവേണ്ടി

അഭിഷിക്തരായ വൈദികരുടെ സമൂഹബലിയോടെ Benefactors' Day ആരംഭിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിനിടയിൽ സാൻജോ ക്വയർ ഗാനം ആലപിക്കുകയും ബ്ര. ജോസഫ് കിഴക്കേക്കുറ്റ് ആശംസകൾ നേരുകയും ചെയ്തു. സെമിനാരിയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും വരവ് ചെലവുകളെ സംബന്ധിച്ചും വ്യക്തമായ ചിത്രം ഉപകാരികൾക്ക് നൽകുകയുണ്ടായി. ബഹു. അച്ചന്മാരും വിവിധ സന്യാസിനീസഭകളിലെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് അടക്കമുള്ള ബഹു. സിസ്റ്റേഴ്സും അല്മായ സഹോദരീസഹോദരന്മാരും ഉൾപ്പെടെ നൂറോളം പേർ സംഗമത്തിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.

*MS 7 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One Benefactor | ₹ | 50,000 |
| 2 | One Benefactor | ₹ | 20,000 |
| 3 | Thomas Parappuram, Muthalakodam | ₹ | 10,000 |
| 4 | George V Nelloor, Anicadu | ₹ | 10,000 |
| 5 | O.V Varkeykunju Oliyapuram, Cathedral | ₹ | 10,000 |
| 6 | Roy Avirapattu, Velielchal | ₹ | 3000 |
| 7 | MA Joseph Malieckal, Perumannoor | ₹ | 25,000 |
| 8 | Saju Athickal, Cathedral | ₹ | 10,000 |
| 9 | Jose Paul Kozhuppathdam, Muthalakodam | ₹ | 25,000 |
| 10 | Jose Nedungattu, Vazhakulam | ₹ | 50,000 |
| 11 | CSN Provincal House, Ramalloor | ₹ | 10,000 |
| 12 | George Karimbadakuzhy, Marika | ₹ | 10,000 |
| 13 | Sr. Rosily Nellikunnel SABS | ₹ | 2000 |
| 14 | Manuel Chemparathy, Muthalakodam | ₹ | 10,000 |
| 15 | Geltrude Karithadathil, Karimannoor | ₹ | 6000 |
| 16 | SABS Provincal House, Thodupuzha | ₹ | 50,000 |
| 17 | Mary Antony Thailayil, Marika | ₹ | 20,000 |
| 18 | Jovachan Elenjickal, Vazhakala | ₹ | 10,000 |
| 19 | George Joseph Kelakam, Chalassery | ₹ | 10,000 |
| 20 | Martin A.S Adackanattu, Anicadu | ₹ | 12,000 |
| 21 | One Benefactor | ₹ | 10,000 |
| 22 | One Benefactor | ₹ | 30,000 |
| 23 | Reetha Mathew Thottathimyalil, Neyyassery | ₹ | 10,000 |

*Rector*





# വിജ്ഞാനഭവൻ

*V.10/2020* **SMC അവാർഡ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമലബാർ പ്രതിഭാസംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നുള്ള **ആൻമരിയ ബിജു കണ്ണാത്തുകുഴിയിൽ, മൈലക്കൊമ്പ്** സംസ്ഥാനതലത്തിൽ പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

*V.11/2020* **ടീച്ചേഴ്സ് സെമിനാർ**

ഈ വർഷത്തെ ടീച്ചേഴ്സ് സെമിനാർ ഫൊറോന തലത്തിൽ ഫെബ്രുവരി 16, 23, മാർച്ച് 1, 8 തീയതികളിലായി നെസ്റ്റിൽ വച്ച് നടക്കുന്നതാണ്.

1. ഫെബ്രുവരി 16 ഞായർ - മാറിക, തൊടുപുഴ, മൈലക്കൊമ്പ് ഫൊറോനകൾ
2. ഫെബ്രുവരി 23 ഞായർ - കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ ഫൊറോനകൾ
3. മാർച്ച് 1 ഞായർ - മുതലക്കോടം, കാളിയാർ, കരിമണ്ണൂർ ഫൊറോനകൾ
4. മാർച്ച് 8 ഞായർ - മൂവാറ്റുപുഴ, വാഴക്കുളം, ആരക്കുഴ ഫൊറോനകൾ

**നാല് സെമിനാറുകളും മൂവാറ്റുപുഴ നെസ്റ്റിൽ വച്ചായിരിക്കും** നടക്കുക. **സമയം : 9.30 മുതൽ 4.00 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

**വരുന്ന അദ്ധ്യാപകരുടെ എണ്ണം സെമിനാറിന് 10 ദിവസം മുമ്പ് അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 9.15-ന് ആരംഭിക്കും.**

**രാവിലെ 9.30-ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.**

*V.12/2020* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസ്സിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികളിൽ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറി

യിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ: 7902339317**

*V.13/2019* **വിശ്വാസോത്സവം - മാർച്ച് 31, ഏപ്രിൽ 1, 2, 3**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 3 വരെ നടത്തേണ്ടതാണ്. പുസ്തകവിതരണത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

വിശ്വാസോത്സവം 4 ദിവസങ്ങളിലും (മാർച്ച് 31 മുതൽ ഏപ്രിൽ 3 വരെ) രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

**വിശ്വാസോത്സവ പുസ്തകത്തിന്റെ വില - 40/-**

*V.14/2020* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈ ബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

# ബൈബിൾ അപ്പോസ്റ്റലേറ്റ്

*BA. 1/2020* **സർട്ടിഫിക്കറ്റ് വിതരണം**

ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ബൈബിൾ ക്ലാസ്സുകൾ ഫെബ്രുവരി 22-ന് അവസാനിക്കുന്നു. പുറപ്പാട് പുസ്തകത്തിന്റെ സമഗ്രമായ പഠനത്തിനായി 20 ക്ലാസ്സുകളിലൂടെ 50 മണിക്കൂർ സമയം ചെലവഴിച്ചിരിക്കുന്നു. ക്ലാസ്സുകളിൽ പങ്കെടുത്ത് പരീക്ഷ എഴുതിയവർക്ക് കെ.സി.ബി.സി നൽകുന്ന സർട്ടിഫിക്കറ്റ്, ഫെബ്രുവരി 22-ാം തീയതി ശനിയാഴ്ച, വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് നടക്കുന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നൽകുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുത്തവരെയും അതിനായി പ്രോത്സാഹനം നൽകിയ ബഹു. അച്ചന്മാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

*Director*





# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 6/2020* **നന്ദി... എല്ലാവർക്കും നന്ദി**

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി. ജനുവരി 17, 18 തീയതികളിൽ തൊടുപുഴ ന്യൂമാൻ കോളേജിലും സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലുമായി നടത്തിയ സമ്മേളനങ്ങളും തൊടുപുഴ പട്ടണമദ്ധ്യത്തിൽ നടത്തിയ റാലിയും വളരെ നല്ല രീതിയിൽ പൂർത്തീകരിക്കാൻ നേതൃത്വം നല്കിയ നമ്മുടെ രൂപതയിലെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികൾക്കും എല്ലാ പ്രധാനാദ്ധ്യാപകർക്കും അവരോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. അദ്ധ്യാപകരുടെ കടമകളും അവകാശങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും ചിന്താവിഷയമാക്കാൻ അവസരം ലഭിച്ചു.

*Edn. 7/2020* **അപേക്ഷാഫോറം**

2020-2021 അദ്ധ്യയനവർഷത്തിലേക്കുള്ള ട്രാൻസ്ഫറിന് വേണ്ടിയുള്ള അപേക്ഷാഫോറങ്ങൾ 01-03-2020 മുതൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. 10 വർഷത്തിൽ കൂടുതൽ ഒരേ സ്കൂളിൽ ജോലിചെയ്തു വരുന്നവർക്ക് ട്രാൻസ്ഫർ പ്രതീക്ഷിക്കാവുന്നതാണ്.

*Director*

# സോഷ്യൽ സർവീസ്

*SS. 5/2020* **വൈദികരുടെ ആലോചനായോഗം**

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാവുന്ന വിവിധ സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് വിശദമായി ആലോചിക്കുവാൻ 2020 ഫെബ്രുവരി 18 ചൊവ്വാഴ്ച 10.00 am മുതൽ 3.30 pm വരെ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് വൈദികരുടെ ഒരു ആലോചനായോഗം ബഹു. വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

എല്ലാ വൈദികരേയും സ്നേഹപൂർവം ഈ സമ്മേളനത്തിലേക്ക് ക്ഷണിക്കുകയും ദയവായി പങ്കെടുക്കണമേയെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

*SS. 6/2020* **പ്ലേറ്റ്, ഗ്ലാസ് എന്നിവ ലഭ്യമാക്കുന്നു**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2500 പുതിയ ക്രോക്കറി പ്ലേറ്റുകൾ 2500 സ്റ്റീൽ ഗ്ലാസുകൾ എന്നിവ ഇടവകകളിൽ ഉപയോഗത്തിനായി നൽകുന്നതാണ്. ഹാന്റിലിംഗ് ചാർജ് നൽകേണ്ടതാണ്. സൊസൈറ്റി ഓഫീസിൽ ഇവ ലഭ്യമാണ്. ഉപയോഗത്തിനുശേഷം ചൂടുവെള്ളത്തിൽ വൃത്തിയായി കഴുകി തിരികെ ഏല്പിക്കണം. പ്ലേറ്റ് നഷ്ടപ്പെടുകയോ പൊട്ടുകയോ ചെയ്താൽ പകരം പുതിയ Luminarc പ്ലേറ്റ് (11 ഇഞ്ച്) വാങ്ങിച്ചു നൽകുമല്ലോ. ഗ്ലാസ് നഷ്ടപ്പെടുത്തിയാലും മറ്റൊന്ന് നൽകണം.

*Director*

# തിരുബാലസഖ്യം

*HC. 1/2020* **പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും**

ഈ വർഷത്തെ തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് മോൺ. ജോർജ് ഓലിയപ്പുറം നിർവഹിക്കുന്നു. തിരുബാലസഖ്യദിനമായി ആഘോഷിക്കുന്ന അന്നേ ദിവസം നടക്കുന്ന സമ്മേളനത്തിൽ ഓരോ ശാഖയിൽ നിന്നും ആനിമേറ്റേഴ്സും അഞ്ച് ഭാരവാഹികളും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച ഓരോ ഇടവകയിലും തിരുബാലസഖ്യദിനമായി ആചരിക്കുമല്ലോ.

*HC. 2/2020* **ആനിമേറ്റേഴ്സ് സംഗമം**

ഫെബ്രുവരി 8-ാം തീയതി പ്രവർത്തനവർഷ ഉദ്ഘാടനദിനത്തിൽ തന്നെ നടക്കുന്ന ആനിമേറ്റേഴ്സ് സംഗമത്തിൽ എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*





# ചെറുപുഷ്പ മിഷൻലീഗ്

*CML 10/2020* **റീജിയണൽ സംഗമം**

മുതലക്കോടം, കോതമംഗലം റീജിയണൽ സംഗമം ജനുവരി 1 വൈകുന്നേരം 6.30 മുതൽ 9.30 വരെ മുവാറ്റുപുഴ NESTT-ൽ വച്ച് നടത്തി. മുതലക്കോടം, കരിമണ്ണൂർ, കോതമംഗലം, ഊന്നുകൽ മേഖലകളിലെ ശാഖാ ഭാരവാഹികൾ പങ്കെടുത്തു.

*CML 11/2020* **ചെറുസൂനം ക്വിസ്**

ഫെബ്രുവരി 9-ന് ശാഖാതല ചെറുസൂനം ക്വിസ് നടത്തേണ്ടതാണ്. ക്വിസ് നടത്തി മാർക്ക് നൽകിയ ശേഷം എല്ലാ പേപ്പറുകളും ഫെബ്രുവരി 20-നകം NESTT-ൽ എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

*CML 12/2020* **സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റാ**

ഇടവകയിൽ നിന്നുള്ള മിഷൻലീഗ് അംഗങ്ങളുടെ എണ്ണം ഇതുവരെ നൽകാത്ത ശാഖകൾ ഫെബ്രുവരി 15-ന് മുമ്പായി നൽകേണ്ടതാണ്.

*CML 13/2020* **ദൈവവിളി രജിസ്റ്റർ**

ഇടവകയിൽ നിന്നുള്ള വൈദികരുടെയും സന്ന്യസ്തരുടെയും ലിസ്റ്റ് നൽകാത്ത ശാഖകൾ ഫെബ്രുവരി മാസം അവസാനിക്കും മുമ്പ് നൽകാൻ ശ്രദ്ധിക്കുമല്ലോ.

*CML 14/2020* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സര വിജയികൾ**

**ഡയറക്ടേഴ്സ് & ജോ. ഡയറക്ടേഴ്സ്**

1. ഫാ. വർഗ്ഗീസ് പാറമേൽ, മാറിക
   സി. ടെസ്മി SH, തൊടുപുഴ
2. സി. ടിസി CMC, ആരക്കുഴ
3. സി. അലീന CMC, കത്തീഡ്രൽ

**അല്മായർ**

1. റിൻസി പി. ജെയിംസ്, പള്ളിക്കുന്നേൽ, കോതമംഗലം
2. സാന്റിമോൾ ജോർജ്, പുലക്കുടിയിൽ, കോതമംഗലം
3. ധന്യ A.S. ആറാട്ടുകുളം, മേക്കടമ്പ്
   അലീന ബെന്നി, SGHSS മുതലക്കോടം.

*Director*

# കെ.സി.എസ്.എൽ.

*KCSL. 4/2020*

**കെ.സി.എസ്.എൽ. വാർഷികവും കലോത്സവവും**

കെ.സി.എസ്.എൽ. 104-ാം വാർഷികവും സംസ്ഥാന കലോത്സവവും പാലാ രൂപതയിലെ കുറവിലങ്ങാട് വച്ച് നടന്നു. സംസ്ഥാന കലോത്സവത്തിൽ 304 പോയിന്റുകൾ നേടി ഓവറോൾ രണ്ടാം സ്ഥാനം നമ്മുടെ രൂപത കരസ്ഥമാക്കി. കൂടാതെ യു.പി. വിഭാഗത്തിൽ ചാമ്പ്യൻഷിപ്പ്, ഹയർ സെക്കന്ററി വിഭാഗത്തിൽ രണ്ടാം സ്ഥാനം, സാഹിത്യോത്സവത്തിൽ മൂന്നാം സ്ഥാനം എന്നിവയും കോതമംഗലം രൂപത നേടി. കെ.സി.എസ്.എൽ. ചരിത്രത്തിലെ അഭിമാനാർഹമായ ഈ നേട്ടത്തിന്റെ പിന്നണിക്കാരായ കുട്ടികൾ, ആനിമേറ്റേഴ്സ്, സ്കൂൾ അധികാരികൾ, മാതാപിതാക്കൾ തുടങ്ങിയ എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ആശംസകൾ നേരുന്നു.

**വിജയികൾ**

## UP Section

1. ഭക്തിഗാനം (Boys) First A grade
   Stephen S., Jairani Public School,Thodupuzha
2. ഭക്തിഗാനം (Girls) First A grade
   Hanna Reji, Jairani Public School, Thodupuzha
3. മാർഗ്ഗംകളി Third A grade, SJHSS, Paingottoor
4. പരിചമുട്ട് Second A grade, SJHSS, Paingottoor
5. ചവിട്ടുനാടകം Second A grade, SAGHSS, Kothamangalam
6. കെ.സി.എസ്.എൽ. ആന്തം First A grade,
   Jairani Public School, Thodupuzha
7. പ്രസംഗം (മലയാളം) Second A grade
   Anit Paulson, SLTHS, Vazhakulam

8 പുത്തൻപാന Third A grade
   Anamika Joy, SJHSS, Paingottoor

## HS Section

1. ഭക്തിഗാനം (Boys) Third A grade
   Sarath Saji, SLTHS, Vazhakulam





2. ഭക്തിഗാനം (Girls) First A grade
   Andrea Rose Joseph, Jairani Public School, Thodupuzha
3. മാർഗ്ഗംകളി Third A grade
   SAGHSS, Muvattupuzha
4. പ്രസംഗം (മലയാളം) First A grade
   Roshan Shaju, SGHSS, കോതമംഗലം

## HSS Section

1. ഭക്തിഗാനം (Boys) Second A grade
   Binso Benny, SGHSS, മുതലക്കോടം
2. ഭക്തിഗാനം (Girls) First A grade
   Harsha Jomy, Vimalamatha HSS, കദളിക്കാട്
3. മോണോ ആക്ട് First A grade
   Ansona Jojo, SAGHSS, കോതമംഗലം
4. മാർഗ്ഗംകളി Second A grade, SAGSS, കോതമംഗലം
5. പരിചമുട്ട് Third A grade, SJHSS, പൈങ്ങോട്ടൂർ
6. ചവിട്ടുനാടകം Third A grade, SJHSS, പൈങ്ങോട്ടൂർ
7. പുത്തൻപാന Second A grade
   Aleena Benny SGHSS, മുതലക്കോടം

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 4/2020* **'ഫമിലിയ 2020' രൂപതാകുടുംബസംഗമം**



ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ 'ഫമിലിയ 2020' നേതൃസംഗമം ജനുവരി 18-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മുതൽ വൈകിട്ട് 3.30 വരെ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ നടത്തി. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത, ഫൊ റോന, ഇടവക ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർ പങ്കെടുത്ത സംഗമം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാമി ലി അപ്പോസ്റ്റലേറ്റ് രൂപത പ്രസിഡന്റ് ശ്രീ. ജോണി ഇലവും കുടി അദ്ധ്യക്ഷത വഹിച്ച യോഗത്തി ൽ രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം മുഖ്യപ്രഭാഷണവും രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ആമുഖസന്ദേശവും നല്കി. രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടറിയുടെ പ്രകാശനം വികാരി ജന റാൾ മോൺ. ഫ്രാൻസിസ് കീരംപാറ നിർവ്വഹിച്ചു. റവ. ഡോ. ജോസഫ് കൊച്ചുപറമ്പിൽ ക്ലാസ്സ് നയിച്ചു. സംഗമത്തോടനുബന്ധിച്ച് വചനവി സ്മയം മാജിക്ഷോ, ജപമാല, കൃതജ്ഞതാബലി, സ്നേഹവിരുന്ന് എന്നിവയും നടത്തി.

### *FA 5/2020* രൂപത എക്സിക്യൂട്ടീവ്

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് ഫെബ്രുവരി 19 ബുധനാഴ്ച നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

### *FA 6/2020* ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

കേരള കത്തോലിക്കാ സഭയിൽ ബധിരർക്കും മൂകർക്കും വേ ണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി. തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി.യിൽ ആരംഭിച്ചിരുന്നല്ലോ. കേരള സഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി. ഫാമിലി കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതി നുമുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹു. വികാരിമാർ ഞായറാഴ്ച കുർബാന മദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ, ഇവർക്കു വേണ്ടിയുള്ള മാട്രിമോണിയൽ സർവീസിന്റെ പ്രവർത്തനം (KCBC Matrimony for the Deaf) ഭംഗിയായി തുടരുന്നു.





2020-ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള നാലു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്:

A) **പാലാരിവട്ടം പി.ഒ.സിയിൽ**

1) ഏപ്രിൽ 11, 12 2) ഒക്ടോബർ 24, 25

B) **മലബാർ മേഖല**

3) ഫെബ്രുവരി 15, 16

സ്ഥലം: നവജ്യോതിസ് പാസ്റ്ററൽ സെന്റർ, കോഴിക്കോട്

C) **കൊല്ലം - തിരുവനന്തപുരം മേഖല**

4) ജൂലൈ 25, 26

സ്ഥലം: ക്രിസ്തുജ്യോതിസ് ആനിമേഷൻ സെന്റർ, കൊട്ടിയം, കൊല്ലം

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി -682 025,

Ph : 9995028229, 9495812190 Email: kcbcfamilycommission@gmail.com,

Website: www.kcbcfamilycommission.org

### *FA 7/2020* Marriage Preparation Course in Kerala, 2020 Febuary

| Diocese/Archdiocese | Phone Number | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Changanacherry | 0481-2424476 | | 3-5 | 10-12 | 14-16 |
| Ernakulam (Kaloor) | 0484-2533077 | | 2-4 | 10-12 | |
| Ernakulam (Kalady) | 0484-2462607 | | | 11-13 | 18-20 |
| Idukki | 04864222632, 9447777935 | | 7-9 | | |
| Irinjalakuda | 0480-2880439, 9447992216 | 3-5 | | 17-19 | |
| Kanjirappally | 0482-8205628, 9497096431 | 1-3 | | | |
| Kochi (Latin) | 0484-2328077, 8547723791 | | 7-9 | | 21-23 |
| Kothamangalam | 0485-2989222, 9495011191 | | 5-7 | | 19-21 |
| Kottayam | 04812790947, 9495080049 | | 6-8 | | |
| Palai | 0482-2210049 | 3-5 | | | |
| Thiruvalla | 9895556074 | | 4-6 | | 18-20 |
| Thrissur | 0487-2336066, 9605043327 | | 5-7 | 12-14 | 19-21<br>26-28 |
| Varappuzha | 0484-2393739 | | 7-9 | | 21-23 |
| Vijayapuram | 9447182300 | | 6-8 | | 20-22 |
| Poc, Palarivattom (For Deaf) | 9995028229 | | | | 15-16 |

*Director*

# നിർമ്മല പ്രോ-ലൈഫ്

*NP. 3/2020*

ഡിസംബർ 22-ന് വണ്ണപ്പുറം ഇടവകയിൽ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്കും, ക്രിസ്തുമസ് ഒരുക്കമായി മുതിർന്നവർക്കും പ്രോഗ്രാം നടത്തി. ഡിസംബർ 31-ന് തൊടുപുഴ മോട്ടോർ വാഹന ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ റോഡ് ഷോ നടത്തി ജീവന്റെ മഹത്വം പ്രചരിപ്പിച്ചു. 2020 ജനുവരി 15-ന് മൂവാറ്റുപുഴ മോട്ടോർവാഹനവകുപ്പ് റോഡ് ഷോ നടത്തി. ജീവന്റെ മഹത്വത്തെക്കുറിച്ച് പ്രോഗ്രാം അവതരിപ്പിച്ചു. ജനുവരി 21, 22, 23 അടിമാലി സെന്റ് ജൂഡ് ഇടവകയിൽ വാർഡ് ആഘോഷത്തോടനുബന്ധിച്ച് പ്രോഗ്രാം നടത്തി. ജനുവരി 31-ന് കല്ലൂപാലം ഇടവകയിൽ പ്രോഗ്രാം നടത്തി. ഫെബ്രുവരി 1-ന് ഒലവക്കോട് മാജിക്ഷോ നടത്തും.

*NP. 4/2020*

കോതമംഗലം രൂപത നിർമ്മല പ്രൊലൈഫ് സമിതിയുടെ, മേരി കെയർ മിഷന്റെ ഗർഭിണികൾക്കുള്ള ട്രെയിനിങ് പ്രോഗ്രാം, ഞറുക്കുറ്റി ബെത്‌ലെഹേമിൽ വച്ചു 10-01-2019 രണ്ടാം വെള്ളിയാഴ്ച നടന്നു. രാവിലെ പത്തിന് ജപമാലയോടെ ആരംഭിച്ച ട്രെയിനിംഗ് കോതമംഗലം രൂപത പ്രൊലൈഫ് പ്രസിഡന്റ് ബഹു. സോജി ജെയിംസ് നയിച്ചു. ഫെബ്രുവരി മാസത്തിലെ ട്രെയിനിംഗ്, രണ്ടാം വെള്ളിയാഴ്ച (14-02-2020) ഞറുക്കുറ്റി ബെത്‌ലഹേമിൽ വച്ച് നടത്തപ്പെടുന്നു.

*Director*

# മാതൃവേദി

*MV 5/2020* **രൂപതാവാർഷികം**

ജനുവരി 20-ാം തീയതി തിങ്കളാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് മാതൃവേദി രൂപതാവാർഷികം നടത്തി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പ്രവർത്തനവർഷത്തിലെ വിജയികളായവർക്ക് സമ്മാനങ്ങൾ കൊടുത്തു. തദവസരത്തിൽ രൂപതയിലെ നവവൈദികരെ ആദരിച്ചു.





*MV 6/2020* **2020-2022 രൂപതാസമിതി**

| | |
|---|---|
| പ്രസിഡന്റ് | - മിനി ജോസ് പാറപ്പുറത്ത്, നെടുങ്ങപ്ര |
| വൈസ് പ്രസിഡന്റ് | - ഡെൽസ മാത്യു നമ്പ്യാപറമ്പിൽ, കടവൂർ |
| സെക്രട്ടറി | - ഡോളി ബെന്നി പരുന്താനിയിൽ, തൊമ്മൻകുത്ത് |
| ജോ. സെക്രട്ടറി | - മേഴ്സി ജോസ് ഇടശ്ശേരിയിൽ, മുതലക്കോടം |
| ട്രഷറർ | - ലിറ്റി സിബി മേക്കുന്നേൽ, നാകപ്പുഴ |
| നാഷണൽസെനറ്റ് മെമ്പേഴ്സ് | - മോളി ജോർജ് നെടുമ്പുറത്ത്, അരിക്കുഴ<br>റിൻസി ജോസ് വാഴേപ്പറമ്പിൽ, നെടിയശാല |

*MV 7/2020* **2018-2020 വർഷത്തിലെ മികച്ച ഫൊറോനകളും യൂണിറ്റുകളും**

A Category
1. Cathedral
2. Paingottoor
3. Vazhakulam

B Category
1. Nellimattam
2. Mailacombu
3. Udumbannoor

C Category
1. Kavakad
2. Cheenikuzhy
3. Peringuzha

D Category
1. Thrikkariyoor
2. Randar
3. Parisakallu

Best Forane
1. Kothamangalam
2. Thodupuzha
3. Vazhakulam

*MV 8/2020* **നാഷണൽ സെനറ്റ് മീറ്റിംഗ്**

പുതിയ രൂപതാഭാരവാഹികൾ ജനുവരി 23, 24 തീയതികളിൽ പാലാ അൽഫോൻസാ പാസ്റ്ററൽ സെന്ററിൽ സെനറ്റ് മീറ്റിംഗിൽ പങ്കെടുത്തു.

*MV 9/2020* **ഉണർവ്വ്**

ജനുവരി 28-ാം തീയതി ചൊവ്വാഴ്ച ഉണർവ്വ് 2019 ബാച്ചിന്റെ വാർഷികവും 2020 അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനവും മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് മോൺ. ഫ്രാൻസീസ് കീരമ്പാറ നിർവ്വഹിച്ചു.

*MV 10/2020* **കൃതജ്ഞതയോടെ**

2018-2020 പ്രവർത്തനവർഷത്തിൽ മാതൃവേദി രൂപതാസമിതിക്ക് നേതൃത്വം നൽകിയ എല്ലാ രൂപതാഭാരവാഹികൾക്കും രൂപതാകുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 5/2020* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

ജനുവരി 7-ന് മുതലക്കോടം, കരിമണ്ണൂർ ഫൊറോന കമ്മിറ്റി യോഗങ്ങൾ ചേർന്നു.

*DFC 6/2020* **മുതലക്കോടം ഫൊറോന കൺവെൻഷൻ**

ജനുവരി 10-ാം തീയതി വെള്ളിയാഴ്ച 10.00 am മുതൽ DFC മുതലക്കോടം ഫൊറോന കൺവെൻഷൻ നടന്നു. ഫൊറോന ഡയറക്ടർ ഫാ. ജോസഫ് അടപ്പൂർ കൺവെൻഷനും സെമിനാറും ഉദ്ഘാടനം ചെയ്തു. DFC സ്റ്റേറ്റ് ഡയറക്ടർ ഫാ. റോയി കണ്ണഞ്ചിറ CMI സെമിനാറിന് നേതൃത്വം നൽകി.

*DFC 7/2020* **DFC യുവജന സെമിനാർ**

മുതലക്കോടം സെന്റ് ജോർജ് HSS, ഹോളിഫാമിലി നേഴ്സിംഗ് സ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട്, 'യുവജനങ്ങളിലെ മാദ്ധ്യമങ്ങളുടെ സ്വാധീനം' എന്ന വിഷയത്തെ അധികരിച്ച് മുതലക്കോടം ചർച്ച് പാരീഷ് ഹാളിൽ വച്ച് ജനുവരി 10 വെള്ളിയാഴ്ച 2.00 pm മുതൽ DFC യുവജന സെമിനാർ നടത്തി. DFC സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണഞ്ചിറ CMI ഉദ്ഘാടനം ചെയ്തു. DFC സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. സ്കറിയ പുന്നമറ്റത്തിൽ സെമിനാർ നയിച്ചു.

*DFC 8/2020* **കാളിയാർ ഫൊറോന കൺവെൻഷൻ**

DFC കാളിയാർ ഫൊറോന കൺവെൻഷനും, മാധ്യമ സെമിനാറും ഫെബ്രുവരി 6-ാം തീയതി വ്യാഴാഴ്ച 2.00 pm മുതൽ കാളിയാർ ഫൊറോന ചർച്ച് പാരീഷ് ഹാളിൽ വച്ച് നടക്കുന്നതാണ്.





*DFC 9/2020* **സ്റ്റേറ്റ് കമ്മിറ്റി**

DFC സ്റ്റേറ്റ് കമ്മിറ്റി യോഗം ഫെബ്രുവരി 5-ാം തീയതി ബുധനാഴ്ച 10.30 am മുതൽ കോട്ടയം ദീപിക ഓഫീസിൽ വച്ച് ചേരുമെന്ന് അറിയിച്ചിട്ടുണ്ട്.

*Co-ordinator*

# യുവദീപ്തി

*YD 1/2020* **Energia - യൂണിറ്റ് ഫൊറോന ഭാരവാഹികളുടെ സംഗമം**

2019 പ്രവർത്തനവർഷത്തിന്റെ പരിസമാപ്തിയിൽ എത്തിനിൽക്കുമ്പോൾ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ രൂപതാ കുടുംബത്തോട് ചേർന്നു നിന്ന എല്ലാ ഫൊറോന- യൂണിറ്റ് ഭാരവാഹികളുടെയും സംഗമം 2020 ഫെബ്രുവരി 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 pm-ന് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ഫൊറോന-യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

2019 ഒക്ടോബർ 7, 8 തീയതികളിൽ നടത്തപ്പെട്ട WAY (We Are Youth) ദ്വിദിന നേതൃത്വപരിശീലന ക്യാമ്പിൽ പങ്കെടുത്തവരുടെ സംഗമം അതോടൊപ്പം നടത്തപ്പെടുന്നതാണ്. ക്യാമ്പിൽ പങ്കെടുത്ത എല്ലാ യുവജനസുഹൃത്തുക്കളും ഈ സംഗമത്തിൽ എത്തിച്ചേരേണ്ടതാണ്.

*YD 2/2020* **രൂപത വാർഷികകൗൺസിൽ**

യുവദീപ്തി KCYM കോതമംഗലം രൂപതയുടെ പ്രൗഢഗംഭീരമായിരുന്ന 2019 പ്രവർത്തനവർഷം അതിന്റെ പരിസമാപ്തിയിൽ എത്തിനിൽക്കുമ്പോൾ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും 2020 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാനുമായി രൂപതാവാർഷിക കൗൺസിൽ 2020 ഫെബ്രുവരി 9-ാം തീയതി 9.00 am മുതൽ 5.00 pm മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

*Director*

# ജീസസ് യൂത്ത്

*JY 4/2020* **കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം**



ഡിസംബർ 21 മുതൽ 28 വരെ നാകപ്പുഴ, കാളിയാർ ഇടവകകളിൽ ആൻഡമാൻ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ള യുവജനങ്ങൾക്ക് ആതിഥ്യമരുളി ജീസസ് യൂത്ത് കോതമംഗലം സോൺ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം നടത്തി. വിവിധ സംസ്ഥാനങ്ങളിലെ വിശ്വാസരീതികൾ, നമ്മുടെ ഇടവകകളിലെ വിശ്വാസരീതികൾ എന്നിവ കണ്ടുപഠിക്കുന്നതിനും, വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുന്നതിനും യുവജനങ്ങൾക്ക് അവസരം നൽകിയ പ്രോഗ്രാം ആയിരുന്നു കൾച്ചറൽ എക്സ്ചേഞ്ച്.

*JY 5/2020* **പ്രോലൈഫ് എക്സിബിഷൻ**

2019 ഡിസംബർ 27 മുതൽ 2020 ജനുവരി 5 വരെ തൊടുപുഴ ന്യൂമാൻ കോളേജ് ഗ്രൗണ്ടിൽ നടന്ന കാർഷിക മേളയിൽ ജീസസ് യൂത്ത് കോതമംഗലം സോൺ ജീവന്റെ മൂല്യം വിളിച്ചോതികൊണ്ട് പ്രോലൈഫ് പ്രദർശനം സംഘടിപ്പിച്ചു. കാർഷിക മേളയിലൂടെ കടന്നുപോയ ലക്ഷക്കണക്കിന് ആളുകൾക്കു ജീവന്റെ മൂല്യം പകർന്നു നൽകുവാൻ എക്സിബിഷന് സാധിച്ചു.

*JY 6/2020* **അഭിനന്ദനങ്ങൾ**

അന്തർദേശീയ ജീസസ് യൂത്ത് കൗൺസിലിന്റെ ചാപ്ലെയിനായി തിരഞ്ഞെടുക്കപ്പെട്ട ബഹു. ജോസഫ് എഴുമായിൽ അച്ചന് പ്രാർത്ഥനകളും ആശംസകളും.

*Animator*





# കത്തോലിക്കാ കോൺഗ്രസ്

*CC 1/2020* **കേന്ദ്രവാർഷിക പ്രതിനിധിയോഗം**

കത്തോലിക്കാ കോൺഗ്രസിന്റെ കേന്ദ്രവാർഷിക പ്രതിനിധി സമ്മേളനം 21-12-2019-ൽ ഇരിങ്ങാലക്കുട പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം, അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്തു.

ഇന്ത്യയിലെ എല്ലാ രൂപതകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. കത്തോലിക്കാ കോൺഗ്രസിന്റെ "വിഷൻ- 2020" അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവ് പ്രഖ്യാപിച്ചു. ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അനുഗ്രഹപ്രഭാഷണവും മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണവും നടത്തി.

സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് "2020" സംരംഭകത്വവർഷമായി പ്രഖ്യാപിച്ചു. കാർഷിക മേഖലയുടെ പുനരുദ്ധാരണം, പഞ്ചായത്ത് സമിതി/ ഹെൽപ്പ് ഡെസ്ക് രൂപീകരണം, സഭയും സമുദായവും നേരിടുന്ന പ്രതിസന്ധികളും സമുദായത്തിന്റെ രാഷ്ട്രീയ നിലപാടും എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഈ സമ്മേളനത്തിൽ കോതമംഗലം രൂപതയിൽ നിന്ന് നാല്പതുപേർ പങ്കെടുത്തു.

*CC 2/2020* **കോതമംഗലം ഫൊറോന പ്രതിനിധി സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം ഫൊറോന പ്രതിനിധി സമ്മേളനം 02-01-2020 -ന് കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തി. ഫൊറോന പ്രസിഡന്റ് ശ്രീ. സണ്ണി കടൂത്താഴെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഉദ്ഘാടനം ചെയ്തത് രൂപതാപ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടാണ്. കോതമംഗലം രൂപതയിലെ വനാതിർത്തികളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വന്യജീവി ആക്രമണം തടയുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റിന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ട സമരപരിപാടികൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു. കത്തോലിക്കാ കോൺഗ്രസ് രൂപതാതലത്തിൽ ആരംഭിക്കുന്ന ഹെൽപ് ഡെസ്കിന്റെ

കോതമംഗലം ഫൊറോനതല ഉദ്ഘാടനം കോതമംഗലം കത്തീഡ്രൽ വികാരി റവ. ഡോ. തോമസ് ചെറുപറമ്പിൽ കത്തീഡ്രൽ യൂണിറ്റ് സെക്രട്ടറി ശ്രീ. ബേബിച്ചൻ നിധീരിക്കലിന് നൽകി ഉദ്ഘാടനം ചെയ്തു.

*CC 3/2020* **ക്രിസ് മീറ്റ്- 2019**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് - ന്യൂ ഇയർ സൗഹൃദസംഗമം "ക്രിസ്മീറ്റ്-2019" 02-01-2020-ൽ തൊടുപുഴ ന്യൂമാൻ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

ഇടുക്കി MP ശ്രീ. ഡീൻ കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഉദ്ഘാടനം ചെയ്തത് കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവാണ്. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, രൂപതാ ഡയറക്ടർ മോൺ. ജോർജ് ഓലിയപ്പുറം, രൂപതാ പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ട്, ജനറൽ സെക്രട്ടറി ജോസ് പുതിയിടം, ട്രഷറർ ജോൺ മുണ്ടൻകാവിൽ, ഫൊറോന ഡയറക്ടർ റവ. ഡോ. ജിയോ തടിക്കാട്ട്, ഫാ. മാനുവൽ പിച്ചളക്കാട്ട്, ഫാ. ജോസഫ് മക്കോളിൽ, ഫാ. പോൾ കാരക്കൊമ്പിൽ, ബഹു. സിസ്റ്റേഴ്സ്, സാമൂഹിക, സാമുദായിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിലെ പ്രമുഖർ എന്നിവർ ഈ ക്രിസ്മീറ്റിൽ പങ്കെടുത്തു.

*CC 4/2020* **ആരക്കുഴ ഫൊറോന പ്രതിനിധി സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് ആരക്കുഴ ഫൊറോന പ്രതിനിധി സമ്മേളനം 11-01-2020 ൽ ആരക്കുഴ ഫൊറോന പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തി. ഫൊറോന വൈസ് പ്രസിഡന്റ് ശ്രീ. എം.സി മാത്യു മാതേക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഗ്ലോബൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ വിഷയാവതരണവും രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജോസ് പുതിയിടം മുഖ്യപ്രഭാഷണവും നടത്തി. കത്തോലിക്കാ കോൺഗ്രസ് രൂപതാതലത്തിൽ ആരംഭിക്കുന്ന ഹെൽപ് ഡെസ്കിന്റെ ഫൊറോനതല ഉദ്ഘാടനം ആരക്കുഴ ഫൊറോന ഡയറക്ടർ ഫാ. ജോൺ മുണ്ടയ്ക്കൽ ഫൊറോന സെക്രട്ടറി ശ്രീ. ജെയിംസ് തെക്കേലിന് നല്കി ഉദ്ഘാടനം ചെയ്തു.

*Director*





## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 2/2020* **പൊതുയോഗം**

ഫ്രാൻസിസ്കൻ അല്മായ സഭയുടെ രൂപത പൊതുയോഗം ജനുവരി 12-ാം തീയതി മൂവാറ്റുപുഴ ലൊറേറ്റോ ആശ്രമത്തിൽ വച്ച് ചേരുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ചുമതലയേറ്റു. രൂപതാതലത്തിലുള്ള പ്രവർത്തനങ്ങളുടെ നയപരിപാടികൾ യോഗം ചർച്ചചെയ്തു.

റീജിയൺ തലത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ യോഗം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി രൂപതയിലെ മൂന്നു മേഖലകളും ഫെബ്രുവരി 16-നു മുൻപായി വാർഷിക പ്രവർത്തന രൂപരേഖ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ഇതിൽ പ്രാർത്ഥനായോഗങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, സെമിനാറുകൾ, തീർത്ഥാടനം എന്നിവ ഉൾക്കൊള്ളിക്കാവുന്നതാണ്. യോഗത്തിൽ റിപ്പോർട്ട് ബുക്ക്, ട്രഷററുടെ കണക്കുകൾ എന്നിവ കൈമാറ്റം ചെയ്തു. സ്ഥാനമൊഴിഞ്ഞ രൂപത ഭാരവാഹികൾക്ക് യോഗം നന്ദി പറഞ്ഞു. ചടങ്ങിൽ രൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ കരുവേലിക്കോണം സന്നിഹിതനായിരുന്നു. ബ്ര. അരുൺ ജോർജ്ജ് കാട്ടറുകുടിയിൽ അദ്ധ്യക്ഷത വഹിച്ചു. ബ്ര. സോജൻ നടുക്കുടി, ബ്ര. റ്റെൻസൺ എന്നിവർ സംസാരിച്ചു.

SFO യുടെ യൂണിറ്റ് തല കാനോനിക സന്ദർശനങ്ങൾ തുടരുന്നു. ജനുവരി മാസം മൂവാറ്റുപുഴ ഹോളിമാഗി യൂണിറ്റ് സന്ദർശിച്ചു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 5/2020* **സോണൽ പുനഃസംഘടന**

17-01-2020-ന് കാരക്കുന്നം സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് കോതമംഗലം സോണിലെ സേവനസമിതിയുടെ കാലാവധി പൂർത്തിയായതിനെത്തുടർന്ന് പുതിയ സേവനസമിതിയെ തിരഞ്ഞെടുത്തു. പ്രത്യേക ക്ഷണിതാക്കളായ 120 പേരടങ്ങുന്ന സോണൽ ഉപദേശക സമിതിയാണ് പുതിയ സേവന സമിതിയെ തെരഞ്ഞെടുത്ത

ത്. സോണൽ ആനിമേറ്റർ ഫാ. ജോർജ് കുരിശുംമൂട്ടിൽ വി. കുർബാനയർപ്പിച്ച്, ദിവ്യകാരുണ്യാരാധനയ്ക്ക് നേതൃത്വം നൽകി. KCCRST ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി, വൈസ് ചെയർമാൻ സെബാസ്റ്റ്യൻ കാഞ്ഞിരപ്പിള്ളി, KCCRST അംഗങ്ങളായ സി. മഹിമ MSJ, ഷിബു കാസർഗോഡ്, ജീവജ്വാല സർക്കുലേഷൻ മാനേജർ മാത്യു തളിയത്ത് എന്നിവർ പുനഃസംഘടനയ്ക്കു നേതൃത്വം നൽകി.

രാജേഷ് പിട്ടാപ്പിള്ളി നെടുങ്കപ്ര, ജോൺസൺ കാനത്തിൽ തൊടുപുഴ, ജോസ് ആന്റണി കാവുംപുറം കാരക്കുന്നം, സണ്ണി കടവുങ്കൽ മാറിക, പി.ആർ ആന്റണി പനച്ചിത്തറ വാഴക്കുളം, മാത്യൂസ് വെമ്പിള്ളി കല്ലൂർ, മേരി അഗസ്റ്റിൻ മണ്ണൂപറമ്പിൽ കല്ലൂർക്കാട്, വൽസമ്മ നെടുങ്ങാട്ട് മുതലക്കോടം, മോളി ബോബൻ അതിരംപുഴയിൽ പൂയംകുട്ടി എന്നിവരാണ് 9 അംഗ സേവനസമിതിയിൽ ഉള്ളത്.

*PG 6/2020* **കരിസ്മാറ്റിക് ദിനാചരണവും രജതജൂബിലി സമാപനാഘോഷവും**

28-01-2020 ചൊവ്വാഴ്ച കാരക്കുന്നം സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് കരിസ്മാറ്റിക് ദിനാചരണവും ഒരു വർഷമായി നടന്നുവരുന്ന കോതമംഗലം സോണിലെ രജതജൂബിലിയുടെ സമാപനാഘോഷവും നടത്തി. രാവിലെ ജപമാല, സ്തുതി ആരാധന എന്നിവയോടെ ആരംഭിച്ച സമാപനദിനാഘോഷത്തിൽ മുൻ സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് ചേറ്റൂർ വിശുദ്ധ കുർബാനയർപ്പിച്ചു. ബ്ര. തോമസ് കുമളി വചന പ്രഘോഷണം നടത്തി.

ഉച്ചകഴിഞ്ഞാരംഭിച്ച പൊതുസമ്മേളനത്തിന് സോണൽ കോ-ഓർഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളിൽ സ്വാഗതം ആശംസിച്ചു. സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും, ജൂബിലി ഭവനങ്ങളുടെ താക്കോൽദാനം നിർവഹിക്കുകയും ജൂബിലി ഭവനങ്ങൾക്ക് സ്ഥലം നൽകിയ ജോസഫ്, എലിസബത്ത് ദമ്പതികൾക്കും ഭവനം പണിക്ക് നേതൃത്വം നൽകിയ ജെയിംസ് തുറയ്ക്കൽ പുത്തൻപുരയ്ക്കും സ്നേഹോപഹാരം നൽകുകയും ചെയ്തു. കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം മുൻ സോണൽ ആനിമേറ്റർമാർക്കും മെമന്റോ നൽകി ആശംസകളർപ്പിച്ചു സംസാരിച്ചു.

KCCRST ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി, ആദ്യത്തെ സോണൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് തൂമുള്ളിക്ക്





ജൂബിലി സ്മരണികയുടെ ആദ്യപ്രതി നൽകി പ്രകാശനം ചെയ്തു. മുൻ ആനിമേറ്റർമാരുടെ പ്രതിനിധിയും മുൻ KCCRST ചെയർമാനുമായ റവ. ഫാ. ജെയിംസ് കക്കുഴി, കാരക്കുന്നം സെന്റ് മേരീസ് ഇടവക വികാരി റവ. ഫാ. ജോസഫ് വെള്ളിയാംതടത്തിൽ, മുൻ കോ-ഓർഡിനേറ്റർമാരുടെ പ്രതിനിധി ബേബി മുണ്ടയ്ക്കൽ, ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ജെബിൻ ജോസ് എന്നിവർ ആശംസാപ്രസംഗം നടത്തി. സോണൽ സെക്രട്ടറി എ.ജെ ജോയി കൃതജ്ഞതപ്രസംഗം നടത്തി.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 5/2020* **രൂപത എക്സിക്യൂട്ടീവ്**

കേരള ലേബർ മൂവ്മെന്റ് രൂപത എക്സിക്യൂട്ടീവ് ഫെബ്രുവരി 6-ാം തീയതി വ്യാഴാഴ്ച 10.00 am മുതൽ 2.00 pm വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രൂപതാഭാരവാഹികൾ, സോണൽ പ്രസിഡന്റുമാർ എന്നിവർ പങ്കെടുക്കണം.

*KLM 6/2020* **പാലിയേറ്റീവ് റിസോഴ്സ് ടീം മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റ് പാലിയേറ്റീവ് ഹോംകെയർ സർവ്വീസിന്റെ റിസോഴ്സ് ടീം മീറ്റിംഗ് ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*Director*

## നെസ്റ്റ് പ്രോഗ്രാം

| | | | |
|---|---|---|---|
| Feb. | 2 | - | 'Energia' KCYM Meeting |
| | 5 - 7 | - | Pre- Marriage Course |
| | 8 | - | Holy Childhood, Anniversary |
| | 9 | - | KCYM Annual Council |
| | 11 | - | Presbyterium |
| | 16 | - | Catechism Programme |
| | 19 - 21 | - | Pre- Marriage Course |
| | 23 | - | Catechism Programme |
| | 29 | - | CML Programme |

*Director*

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ഡിസംബർ 2019**

22 ● മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● മൂവാറ്റുപുഴ NESTT-ൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച Grace Couple meet ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

● ആരക്കുഴ ഇടവകയിൽ ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

25 ● കത്തീഡ്രലിൽ പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 ● മുതലക്കോടം ഇടവകാംഗമായ ഡീക്കൻ സ്കറിയ കുന്നത്തിന് വൈദിക പട്ടം നൽകി.

27 ● കത്തീഡ്രൽ ഇടവകാംഗമായ ഡീക്കൻ ജോർജ് ഇടത്തലയ്ക്ക് വൈദികപട്ടം നൽകി.

● ഭൂമിയാംകുളം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

28 ● വാഴക്കുളം ഇടവകാംഗമായ ഡീക്കൻ ജോർജ് നെടുങ്ങാട്ടിന് വൈദികപട്ടം നൽകി.

29 ● നെല്ലിമറ്റം ഇടവകയിൽ ഈശോ സഭാംഗമായ ഡീക്കൻ ജോസ് പിട്ടാപ്പിള്ളിക്ക് വൈദികപട്ടം നൽകി.

30 ● നെടുങ്ങപ്ര ഇടവകാംഗമായ ഡീക്കൻ പീറ്റർ പാറേമാന് വൈദികപട്ടം നൽകി.

31 ● വടാട്ടുപാറ ഇടവകാംഗമായ ഡീക്കൻ ജോസഫ് മഠത്തിലിന് വൈദികപട്ടം നൽകി.

● വെളിയേൽച്ചാൽ പള്ളിയിൽ ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ജനുവരി 2020**

1 ● കാവക്കാട് ഇടവകാംഗങ്ങളായ ഡീക്കൻ ജോസ് വടക്കേടത്ത്, ഡീക്കൻ ജോസഫ് വള്ളോംകുന്നേൽ എന്നിവർക്ക് വൈദികപട്ടം നൽകി.

● മൂവാറ്റുപുഴ നിർമ്മലമാതാ പള്ളിയിൽ നടന്ന വൈദികരുടെ പ്രാർത്ഥനാക്കൂട്ടായ്മയിൽ സംബന്ധിച്ചു.

2 ● പൈങ്ങോട്ടൂർ ഇടവകയിൽ ഡീക്കൻ ഇമ്മാനുവേൽ വെള്ളാംകുന്നേലിന് വൈദികപട്ടം നൽകി.





● തൊടുപുഴ ന്യൂമാൻ കോളേജിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന 'ക്രിസ് മീറ്റ്' ഉദ്ഘാടനം ചെയ്തു.

3 ● കാളിയാർ ഇടവകാംഗമായ ഡീക്കൻ ജോസഫ് കൊച്ചുപുത്തൻപുരയിലിന് വൈദികപട്ടം നൽകി.

4 ● അരിക്കുഴ ഇടവകാംഗമായ ഡീക്കൻ സെബാസ്റ്റ്യൻ നെടുമ്പുറത്തിന് വൈദികപട്ടം നൽകി.

● മൂവാറ്റുപുഴ ഹോളിമാഗി ഇടവകയുടെ ദ്വിശതാബ്ദിയോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

6 ● മൂവാറ്റുപുഴ നിർമ്മല ഫാർമസി കോളേജിനോടനുബന്ധിച്ച് നിർമ്മിച്ച ഹോസ്റ്റൽ വെഞ്ചരിപ്പുകർമ്മം നടത്തി.

7–11 ● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

12 ● നെടുങ്കുന്നത്ത്, ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹു ആന്റണി മണ്ണാറുകുളം അച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● വാഴക്കുളം ബൈബിൾ കൺവെൻഷൻ സമാപനത്തിൽ സന്ദേശം നൽകി.

13–15 ● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

16 ● കുട്ടമ്പുഴ ഇടവകാംഗമായ വാഴയിൽ സിബി–റീന ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

● അംബികാപുരം ഇടവകയിൽ ഈശോസഭാംഗമായ ഡീക്കൻ ആന്റണി പിറവംകുന്നേലിന് വൈദികപട്ടം നൽകി.

18 ● ആരക്കുഴ കർമ്മലീത്ത മഠത്തിന്റെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

● തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് നടന്ന Catholic Teachers' Guild ന്റെ സംസ്ഥാന സമ്മേളനത്തിൽ സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

● മൂവാറ്റുപുഴ NESTT -ൽ ഫാമിലി അപ്പോസ്തലേറ്റ് ഇടവക ഭാരവാഹികളുടെ കുടുംബസംഗമമായ ഫമിലിയ 2020 ഉദ്ഘാടനം ചെയ്തു.

19 ● പൈങ്ങോട്ടൂർ ഇടവകാംഗമായ കാഞ്ഞിരത്തിങ്കൽ കെ.പി. ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 ● മൂവാറ്റുപുഴ NESTT -ൽ മാതൃവേദിയുടെ രൂപതാ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു.

# Bishop's Engagements

## February 2020

| | | | | |
|---|---|---|---|---|
| 01 Sat | • Baptism | Vettimattom | 9.15 am |
| | • Jubilee | Kolady | 10.30 am |
| 02 Sun | • Holy Qurbana | Kuruppampady | 4.00 pm |
| 03 Mon | • | Kanjirapally | 10.00 am |
| 05-06 | • Bishops' Monthly Recollection | NESTT | |
| 07 | | Changanassery | 2.00 pm |
| 08 Sat | • Teachers' day | Minor Seminary | 12.30 pm |
| | • Holy Qurbana | Malayinkeezhu | 4.00 pm |
| 09 Sun | • Holy Qurbana | Cathedral | 9.45 am |
| 10 Mon | • Baptism | Cathedral | 9.30am |
| 11 Tue | • Presbyterium | NESTT | 10.00 am |
| 12 Wed | • Jubilee | Arakuzha | 10.30 am |
| 13-19 | • CBCI | Bangalore | |
| 20 Thu | • Home Day | Minor Seminary | |
| 22 Sat | • Holy Qurbana | CMI Generalate | 10.00 am |
| | • Bible Apostolate Convocation | Vazhakulam | 3.00 pm |
| 23 Sun | • Presbtery Blessing | Kulapuram | 3.00 pm |
| 25-26 | • Seminary Commission | Mangalapuzha | |
| 28 Fri | • Pilgrimage | Malekurisu (Arakuzha) | |





# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | ചരമദിനം | 03-03-2016 |
| ഫാ. തോമസ് ചെമ്പരത്തി | ” | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| റവ. മോൺ. മാത്യു പാലമറ്റം | ” | 15-03-2016 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |

# നിര്യാതരായി

## സി. ലിബിയ SH (പാലായിക്കുടിയിൽ)

ഇടവക - ആയവന
ജനനം - 16-09-1943
ആദ്യവ്രതം - 02-05-1964
നിത്യവ്രതം - 30-05-1969
മരണം - 21-12-2019
മൃതസംസ്കാരം - 28-12-2019 (മൈലക്കൊമ്പ്)

## സി. ഫബിയോള SH (തുരുത്തേൽ)

ഇടവക - മൈലക്കൊമ്പ്
ജനനം - 27-06-1942
ആദ്യവ്രതം - 02-05-1964
നിത്യവ്രതം - 30-05-1969
മരണം - 15-01-2020
മൃതസംസ്കാരം - 16-01-2020 (മൈലക്കൊമ്പ്)

## സി. ക്രൂസിഫിക്സ് SH (മുരിങ്ങമറ്റത്തിൽ)

ഇടവക - കരിമണ്ണൂർ
ജനനം - 03-03-1930
ആദ്യവ്രതം - 02-05-1956
നിത്യവ്രതം - 02-05-1959
മരണം - 15-01-2020
മൃതസംസ്കാരം - 16-01-2020 (മൈലക്കൊമ്പ്)